# ക്രൈസ്തവ
# വനിത

November - December 2012

"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്
ഇന്നു ദാവീദിന്റെ പട്ടണത്തിൽ
നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."
(ലൂക്കോസ് 2:11)



A fundamental Christian bi-monthly publication of the women, by the women, for the women

# CHRISTIAN *WOMAN*

Telephone 0471-244-8079
email: preethadenny@yahoo.com

Annamma C. John Founder
Mobile: 9495679664

**Editorial Board**

Mrs. Preetha Denny — Chief Editor
Mrs. Mary Anchan — Associate Editor

Sub Editors

Mrs. Sherine Kingston
Mrs. Sobha Selin

Volume VI **November - December 2012** No.6

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 1 |
| വേദപുസ്തക വനിതകൾ | 3 |
| യേശുക്രിസ്തു – നമ്മുടെ സമാധാനദായകൻ | 6 |
| ഇരുട്ടിലെ നിക്ഷേപങ്ങൾ | 8 |
| യേശുവിന്റെ അമ്മയും മറ്റു മറിയമാരും | 10 |
| "നന്ദി വേണോ പണം വേണോ?" | 12 |
| മുള്ളും പറക്കാരയും | 15 |
| കൗമാരം | 17 |
| വില വർദ്ധന | 21 |
| "നരിയാണി നരിയാണി" | 22 |
| ഏലിയാവിന്റെ കാക്ക | 24 |
| വേദപുസ്തകം സംസാരിക്കുന്നു | 25 |
| ചോദ്യോത്തര പംക്തി | 26 |
| Quest 27 | 28 |
| Quest 26 ന്റെ ഉത്തരങ്ങൾ | cover iii |

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:
**ഷെറിൻ കിംഗ്സ്റ്റൺ**
ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 031

*For private circulation only*

*എഡിറ്റോറിയൽ*



# ക്രിസ്തുവിന്റെ ജനനം

ആദാമ്യലംഘനംമൂലം നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനായി ബേതലഹേമിലെ കാലിത്തൊഴുത്തിൽ കിടന്ന യേശുവിനെ, തന്റെ ഏകജാതനായ മകനെത്തന്നെ ബലിയാക്കി. യേശുക്രിസ്തു ബേതലഹേമിൽ ജനിക്കുമെന്നും കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്നും പ്രവാചകന്മാർ നൂറ്റാണ്ടുകൾക്കുമുമ്പേ പ്രവചിച്ചിരുന്നു. അതുപോലെ തന്നെ യേശുക്രിസ്തു ബേതലഹേമിൽ എവിടെയോ ജനിച്ചു. വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പുല്കൂട്ടിൽ കിടത്തി. യേശുക്രിസ്തു എവിടെ ജനിച്ചുവെന്നും എന്നു ജനിച്ചുവെന്നും അറിയാതെയാണ് നാനാജാതിമതസ്ഥർ ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു എന്റെ ഉള്ളിൽ ജനിച്ചതാണ് എന്റെ ക്രിസ്മസ്. മറിയയെ ഇന്നുമുതൽ എല്ലാ തലമുറകളും ഭാഗ്യവതിയെന്നു വാഴ്ത്തുമെന്നു വേദപുസ്തകം പറയുന്നു. എന്നതുകൊണ്ട് മറിയയുടെയും ഉണ്ണിയേശുവിന്റെയും വിഗ്രഹം ഉണ്ടാക്കിവച്ച് അതിനെ നമസ്കരിക്കണമെന്നു പറഞ്ഞിട്ടില്ല. യേശുക്രിസ്തുവിനെ പ്രസവിക്കുവാൻ മറിയയെ ഉപയോഗിച്ചു എന്നതിനാൽ അവൾ ഭാഗ്യവതിതന്നെയാണ്. മറിയയുടെ വന്ദനസ്വരം എലിസബെത്തു കേട്ടപ്പോൾ അവളുടെ ഉള്ളിൽ പിള്ള ആനന്ദത്താൽ തുള്ളിയതായി നാം വായിക്കുന്നു (ലൂക്കൊ. 1:44) എന്നതുകൊണ്ടും മറിയയെ ആരാധിക്കാൻ പറഞ്ഞിട്ടില്ല. അഥവാ, അവരെ പുണ്യവതിയായി ആരാധിക്കണമെങ്കിൽത്തന്നെ മോശെയുടെ പത്തുകല്പനകളിൽ വിഗ്രഹാരാധന വിലക്കിയിരിക്കുന്നതായി കാണാവുന്നതാണ്. 'ഒരു വിഗ്രഹം ഉണ്ടാക്കരുത്; .... യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്' (പുറപ്പാട് 20:4,5). ചെയ്യരുതെന്നു ദൈവം കല്പിച്ചകാര്യം നാമെന്തിനു ചെയ്യുന്നു? ആ പുണ്യവതി ഇപ്പോൾ ജീവിച്ചിരിക്കുന്നുവോ? അവരെ യോസേഫ് വിവാഹം കഴിച്ച് ലോകത്തിലുള്ള മറ്റുള്ളവരെപ്പോലെ ജീവിച്ച് മരിച്ചു. നമ്മെപ്പോലെ കാഹളനാദത്തിങ്കൽ അവരും ഉയിർത്തെഴുന്നേല്ക്കുമെന്നു വിശ്വസിക്കുന്നതല്ലേ അഭികാമ്യം?

മറിയ ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു എന്നൊക്കെ വിശ്വസിക്കുന്നവരുണ്ട്. അതിനു യാതൊരു തെളിവും ഇല്ലാത്തപ്പോൾ, ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടെന്ന്, വേദപുസ്തകത്തിൽ തെളിവുള്ളവരെ എന്തുകൊണ്ട് ആരാധിക്കുന്നില്ല? മറിയ യേശുക്രിസ്തുവിനു ജന്മം നല്കിയെങ്കിൽ ഉടലോടെ എടുക്കപ്പെട്ടവരാകട്ടെ അത്ഭുതപ്രവൃത്തികളും മറ്റും ചെയ്തവരാണ്. ഏലിയാവിനെയും ഹാനോക്കിനെയും കുറിച്ചാണു ഞാൻ പറയുന്നത്. അവരുടെ പടങ്ങൾ വച്ച് ആരും ആരാധിക്കുന്നില്ലല്ലോ. യേശു പന്ത്രണ്ടാം വയസ്സിൽ യെരുശലേം ദൈവാലയത്തിൽ പോയി.

പെരുന്നാൾ കഴിഞ്ഞ് മാതാപിതാക്കൾ മടങ്ങിപ്പോയപ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചത് അമ്മയപ്പന്മാർ അറിഞ്ഞില്ല എന്നാണു ലൂക്കൊസ് 2:43 ൽ കാണുന്നത്. മാതാവിനു എന്തെങ്കിലും ദിവ്യശക്തി ഉണ്ടായിരുന്നെങ്കിൽ അവർ മകനെ തിരഞ്ഞുനടക്കേണ്ടി വരുമായിരുന്നില്ല. അതുപോലെ, സ്വന്തം മകനെ ക്രൂശിൽ തറച്ചപ്പോൾ മറ്റു സ്ത്രീകളെപ്പോലെ കുരിശിന്റെ ചുവട്ടിൽ നിസ്സഹായയായി നിലകൊള്ളുവാനേ കഴിഞ്ഞുള്ളൂ. മകനുവേണ്ടി പിതാവിനോടു അപേക്ഷിക്കുവാൻ അപ്പോൾ മറിയയ്ക്കു കഴിഞ്ഞില്ലല്ലോ. മറിയയെ വന്ദിക്കുവാനോ സ്തുതിക്കുവാനോ മനുഷ്യരെ ചുമതലപ്പെടുത്തിയിട്ടില്ല. ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ചെയ്യാൻ നമുക്കു മടിയാണ്. എന്നാൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യാൻ മനുഷ്യർക്കു എന്തൊരു ഉത്സാഹം! ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഒരു മദ്ധ്യസ്ഥൻ മരിച്ചിട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു മാത്രം. ക്രിസ്തു എന്ന ഏകപുരുഷനു നിർമ്മലകന്യകയായി വിവാഹനിശ്ചയം ചെയ്ത ജനമാണ് അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ.

കിഴക്കുനിന്നു വന്ന വിദ്വാന്മാർ 'ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു; വീണു അവനെ നമസ്കരിച്ചു' എന്നാണു മത്തായി സുവിശേഷകൻ പറഞ്ഞിരിക്കുന്നത് (മത്തായി 2:11). മാതാവിനെ അവർ നമസ്കരിച്ചില്ല. മരണാനന്തരം മറിയ ഉയിർത്തെഴുന്നേറ്റതായി തെളിവില്ല. മരിച്ചു മൺമറഞ്ഞ ഒരു വ്യക്തിയെ ആരാധിക്കുവാൻ ദൈവവചനം അനുശാസിക്കുന്നില്ല. ആ മാതാവിനു എന്തെങ്കിലും ദിവ്യശക്തി ഉണ്ടായിരുന്നതായും വചനത്തിൽ രേഖയില്ല. എന്നാൽ മറിയ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ ആയിരുന്നു, കാരണം അവർ എന്റെ കർത്താവിന്റെ മാതാവ് ആയിരുന്നു (ലൂക്കൊസ് 1:42–44). മറിയ ഭാഗ്യവതി ആയിരുന്നു. പുറജാതിക്കാരിയായ രൂത്ത് യേശുവിന്റെ വലിയമ്മയായി. യഹൂദനും പുറജാതിയും തമ്മിൽ യാതൊരു സംബന്ധവും ഇല്ലാതിരുന്ന സ്ഥാനത്ത് പുറജാതിക്കാരിയായ രൂത്തിന്റെ മഹാഭാഗ്യമല്ലേ യേശുക്രിസ്തുവിന്റെ വലിയമ്മ എന്ന പദവി ലഭിച്ചത്? എന്നിരുന്നാലും അവരാരും നമ്മുടെ ആരാധന സ്വീകരിപ്പാൻ യോഗ്യരല്ല. ആരാധനയ്ക്കു യോഗ്യൻ ഒരാൾ മാത്രം. 'കർത്താവേ, നീ സർവവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്ത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻമുമ്പിൽ ഇടും (വെളിപാട് 4:11). ആണ്ടിലൊരിക്കലല്ല അവനെ അനുസ്മരിക്കേണ്ടത്. ജീവിതത്തിൽ എപ്പോഴും അവനെ സ്മരിച്ചുകൊണ്ട്, അവനെ പ്രസാദിപ്പിച്ചുകൊണ്ടു നാം ജീവിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ഈ ക്രിസ്തുമസ്, യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിയുവാനും അവിടുന്നു താങ്കളുടെ ഹൃദയത്തിൽ ഉരുവാകുവാനും ദൈവം സഹായിക്കട്ടെ.

**അന്നമ്മ സി. ജോൺ**

തിരുവനന്തപുരം

# വേദപുസ്തക വനിതകൾ

**യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം**

*കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച*

## എസ്ഥേർ (ESTHER )

യഹൂദന്മാരേപ്പറ്റി ചക്രവർത്തിയെ തെറ്റിദ്ധരിപ്പിച്ച് അവരെ ഉന്മൂലനാശം ചെയ്യുവാൻ കല്പന പുറപ്പെടുവിച്ചു. സംസ്ഥാനാധികാരികൾക്കും സകലർക്കും അവരവരുടെ ഭാഷയിൽ ചക്രവർത്തിയുടെ മോതിരം ചാർത്തി കല്പന പുറപ്പെടുവിച്ചു. യഹൂദജനം ഒന്നടങ്കം ഭയപരവശരായിത്തീർന്നു. ഹാമാന്റെ പദ്ധതി അറിഞ്ഞ മൊർദ്ദെഖായി ദൂതൻ മുഖാന്തരം വിവരം എസ്ഥേറിനെ അറിയിച്ചു. എന്നാൽ മുപ്പതു ദിവസത്തേക്ക് ചക്രവർത്തിയുടെ സന്നിധിയിൽ വിളിക്കപ്പെടുകയില്ലെന്നും പിന്നെ എങ്ങനെ ചക്രവർത്തിയെ വിവരം അറിയിക്കുമെന്നും എസ്ഥേർ മറുപടി നല്കി. ചക്രവർത്തിയുടെ സന്നിധിയിൽ ചെല്ലുന്നവരുടെ നേരേ രാജചെങ്കോൽ നീട്ടിയില്ല എങ്കിൽ അവരെ കൊല ചെയ്യണമെന്നതാണ് നിയമം. മൊർദ്ദെഖായി എസ്ഥേറിനെ അറിയിച്ചത്: നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരിടത്തുനിന്നും ഉദ്ധാരണവും രക്ഷയും ഉണ്ടാകും എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും. ഇങ്ങനെ ഒരു കാലത്തിനായിട്ടല്ലയോ നീ ചക്രവർത്തിനി സ്ഥാനത്ത് വന്നിരിക്കുന്നത്? ഇതറിഞ്ഞ എസ്ഥേർ ശൂശനിലുള്ള എല്ലാ യഹൂദന്മാരും മൂന്നു ദിവസത്തേക്ക് ഉപവസിച്ച് ദൈവ സന്നിധിയിൽ കരയണം എന്നാവശ്യപ്പെട്ടു. താനും തന്റെ ബാല്യക്കാര ത്തികളും അപ്രകാരം ഉപവസിക്കുന്നതാണ്.

അതുകഴിഞ്ഞ് എസ്ഥേർ ചക്രവർത്തിയുടെ സന്നിധിയിൽ ചെന്നു. ചക്രവർത്തിക്കു അവളോടു ദയ തോന്നി പൊൻചെങ്കോൽ അവളുടെ നേരെ നീട്ടി രാജ്യത്തിൽ പകുതി ചോദിച്ചാലും നല്കാമെന്ന് വാഗ്ദത്തം ചെയ്തു. ചക്രവർത്തിനി ഒരുക്കുന്ന വിരുന്നിൽ ചക്രവർത്തിയും ഹാമാനും സംബന്ധിക്കണമെന്ന് അപേക്ഷിച്ചു. ഒരു ദിവസമല്ല രണ്ടാം ദിവസത്തെ വിരുന്നിലും ഹാമാനെ ക്ഷണിച്ചിരുന്നു. ഇതിനിടയിൽ ഹാമാൻ മൊർദ്ദെഖായി യുടെ അവഗണന തന്റെ ഭാര്യയെ അറിയിച്ചിരുന്നു. മൊർദ്ദെഖായിയെ തൂക്കിലേറ്റി വധിക്കാൻ അൻപതടി ഉയരമുള്ള കഴുമരം തീർത്ത് അനുവാദത്തിനായി രാജസന്നിധിയിൽ വന്നു. എന്നാൽ തലേ രാത്രി നിദ്ര വരാതെ ചക്രവർത്തി ദിനാവൃത്താന്തപുസ്തകം വരുത്തിവായിച്ചപ്പോൾ രണ്ടു ഷണ്ഡന്മാർ ചക്രവർത്തിയെ കൈയേറ്റം ചെയ്യാൻ തുനിഞ്ഞ വിവരം മൊർദ്ദെഖായിമൂലം അറിയിച്ചതും അവരെ തൂക്കിലേറ്റി കൊന്നതും വായിച്ചു കേട്ടു. ചക്രവർത്തിക്കുവേണ്ടി ഈ ഉപകാരം ചെയ്ത ആൾക്ക് എന്തു പ്രതിഫലം നല്കിയെന്നാരാഞ്ഞപ്പോൾ ഒന്നും നല്കിയിട്ടില്ല എന്നു ഭൃത്യന്മാർ പറഞ്ഞു.

ഇതു മനസ്സിൽ കരുതിയിരിക്കുമ്പോഴാണ് ഹാമാൻ രാജസന്നിധിയിൽ വന്നത്. ചക്രവർത്തി ബഹുമാനിക്കുന്ന വ്യക്തിക്ക് എന്ത് ചെയ്തു കൊടുക്ക ണമെന്ന് ഹാമാനോട് ചോദിച്ചു. എന്നെയല്ലാതെ മറ്റാരേയാണ് ചക്രവർത്തി മാനിക്കാൻ പോകുന്നത് എന്ന് ഉള്ളിൽ ഹാമാൻ ചിന്തിച്ചു. എന്നിട്ട് ഹാമാൻ പറഞ്ഞത് ചക്രവർത്തി മാനിക്കുന്ന വ്യക്തിക്ക് രാജകീയ വസ്ത്രവും കിരീടവും നല്കി ചക്രവർത്തിയുടെ കുതിരപ്പുറത്ത് രാജവീഥിയിൽ

പ്രദക്ഷിണം നടത്തണം. ചക്രവർത്തിയാൽ മാനിക്കപ്പെടുന്ന വ്യക്തിയെ ചക്രവർത്തി ഈ വിധത്തിൽ ബഹുമാനിക്കുമെന്ന് വിളംബരം ചെയ്യേണം.

ഉടനേ തന്നെ ചക്രവർത്തി രാജകീയ വാതിലിൽ ഇരിക്കുന്ന മൊർദ്ദെഖായിക്ക് ഈവിധം ചെയ്യുവാൻ കല്പനപുറപ്പെടുവിച്ചു. ഹാമാൻ അപ്രകാരം ചെയ്തു. ഇത് ജാള്യതയോടെ വീട്ടിൽ അറിയിച്ചപ്പോൾ ഭാര്യയും സ്നേഹിതരും പറഞ്ഞത് മൊർദ്ദെഖായി യഹൂദനാണ് അവനെ ജയിക്കാൻ നിനക്ക് കഴിയില്ല എന്നാണ്.

പിറ്റെ ദിവസത്തെ വിരുന്നു സൽക്കാരത്തിൽ ഹാമാന്റെ ദുഷ്ടത വെളിച്ചത്തായി. മൊർദ്ദെഖായിക്കായി ഒരുക്കിയിരുന്ന കഴുമരത്തിൽ ഹാമാനെ തൂക്കി കൊന്നു. യഹൂദജനത്തിന് സ്വാതന്ത്ര്യവും അവരുടെ ശത്രുക്കളുടെമേൽ സംഹാരവും നടത്തുവാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. ആ ദിവസം ശത്രുസംഹാരവും യഹൂദന്മാർ ഉത്സവവും ആചരിച്ചു. ആ ദിവസത്തെ പുരീം ഉത്സവമായി യഹൂദന്മാർ ആചരിച്ചു വരുന്നു. ഈ ചരിത്ര പശ്ചാത്തലത്തിൽ നമ്മുടെ കഥാപാത്രമായ എസ്ഥേറിൽ വിളങ്ങിയിരുന്ന വിശിഷ്ടത കൂടി നമുക്ക് ചിന്തിക്കാം.

മാതാപിതാക്കന്മാർ നഷ്ടപ്പെട്ട പിതൃസഹോദരന്റെ സംരക്ഷണയിൽ വളർന്ന ഒരു സാധാരണ പെൺകുട്ടിയായിരുന്നു എസ്ഥേർ. ഏറ്റവും വിശിഷ്ടമായ അവളിലുണ്ടായിരുന്ന സ്വഭാവവിശേഷം അനുസരണമായിരുന്നു. മനുഷ്യൻ പാപിയായിത്തീർന്നതിനു കാരണം ദൈവത്തോടുള്ള അനുസരണക്കേടാണ്. ജീവിതസാഹചര്യം ചിന്തിച്ചാൽ അനുസരണമില്ലാതെ തനിക്ക് ബോധിച്ചതുപോലെ ജീവിക്കാൻ കഴിയുമായിരുന്നു. എന്നാൽ തന്റെ വളർത്തുപിതാവായ മൊർദ്ദെഖായിയെ അവൾ പൂർണ്ണമായി അനുസരിച്ചു. മാതാപിതാക്കന്മാരേയും ഗുരവരന്മാരേയും അനുസരിക്കാതെ ജീവിക്കുന്ന ഒരു തലമുറയാണ് ഈ കാലഘട്ടത്തിൽ കാണുന്നത്. ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം എന്നാണ് എഫേസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഒരു വിവാഹ ശുശ്രൂഷയിൽ വചനം ശുശ്രൂഷിച്ച ദൈവദാസൻ ഈ വാക്യം ഉദ്ധരിച്ചപ്പോൾ എന്റെ അടുത്തിരുന്ന ഒരു യുവതി പറഞ്ഞത് അത് അങ്ങു പള്ളീച്ചെന്ന് പറഞ്ഞാമതിയെന്നാണ്.

ഒന്നാമതായി ദൈവത്തെ അനുസരിക്കുക. അപ്രകാരമുള്ളവർ കുടുംബത്തിൽ മാതാപിതാക്കന്മാരെയും സഹവിശ്വാസികളെയും സഭാശുശ്രൂഷകന്മാരെയും എല്ലാം അനുസരിക്കുമെന്നതിന് തർക്കമില്ല. അനുസരണം ഔന്നത്യത്തിന്റെ ചവിട്ടുപടിയാണ്. അനുസരണക്കേട് അധ:പതനത്തിന്റേയും. എല്ലാവർക്കും പ്രീതിതോന്നുന്ന സ്വഭാവ നൈർമ്മല്യം എസ്ഥേറിനുണ്ടായിരുന്നു. ചക്രവർത്തിയുടെ കൊട്ടാരത്തിൽ എത്തിയപ്പോൾ ആക്രാന്തതയോടെ എല്ലാം വലിച്ചു വാരാൻ മോഹിച്ചില്ല. അന്തഃപുര അധികാരി പറഞ്ഞതല്ലാതെ മറ്റൊന്നും അവൾ ആവശ്യപ്പെട്ടില്ല.

പ്രതികൂലതയിൽ പതറാതെ ആശ്രയിക്കേണ്ടിടത്ത് അഭയം തേടിയവൾ. സ്വജനത്തിനു നാശത്തിന് ഇടയായപ്പോൾ പ്രതിവിധി കാണുവാൻ അവൾ ആദ്യം ചെയ്തത് മൂന്നു ദിവസത്തെ ഉപവാസവും പ്രാർത്ഥനയും ജനങ്ങളും അവളും അവളുടെ ബാല്യക്കാരികളും ഉപവസിച്ച് പ്രാർത്ഥിച്ചു. സഹായം വരുന്നിടമായ യഹോവയുടെ സന്നിധിയിൽ അഭയയാചന കഴിച്ചു. യെരുശലേമിന്റെ മതിൽ ഇടിഞ്ഞു കിടക്കുന്ന ദുരവസ്ഥ അറിഞ്ഞ ഉടൻ നെഹമ്യാവ് ദൈവസന്നിധിയിൽ കരഞ്ഞു പ്രാർത്ഥിച്ചു അതിനുശേഷമാണ്

പ്രായോഗികതയിലേക്ക് നീങ്ങിയത്. നമ്മുടെ മുമ്പിലും പ്രശ്നങ്ങളും എതിർപ്പുകളും ഉണ്ടാവുക സാധാരണയാണ്. സാധ്യതമാത്രമുള്ള സർവ്വശക്തനായ ദൈവത്തിൽ ആദ്യമേ തന്നെ ആശ്രയിക്കുകയാണ് ഉചിതമായിട്ടുള്ളത്.

അവളുടെ ബൗദ്ധികതന്ത്രജ്ഞത കുറിക്കൊള്ളേണ്ടതാണ്. ചക്രവർത്തിക്ക് രണ്ടുദിവസത്തെ രാജകീയമായ വിരുന്ന് ഒരുക്കിയ തന്ത്രം വളരെ വിശിഷ്ടമാണ്. മാത്രമല്ല അതിന് ക്ഷണിക്കപ്പെട്ടത് തനിക്കും തന്റെ ജനത്തിനും നാശം വിതച്ചിരുന്ന ഹാമാനെ മാത്രം. നക്കിക്കൊല്ലുക എന്ന ഒരു പഴമൊഴി കേട്ടിട്ടില്ലേ. സ്വാദുഭോജനത്താൽ കാര്യസാധ്യം സഹോദരിമാരുടെ വിദഗ്ധമായ ഒരു അടവാണ്. ചക്രവർത്തിയെപ്പോലും സ്വാധീനിക്കുവാൻ കഴിഞ്ഞ വിരുന്ന്. കാര്യസാധ്യതയ്ക്കായി ജീവത്യാഗത്തിനുപോലും അവൾ തയ്യാറായി. അനുവാദം കൂടാതെ ആർക്കും അഹശ്വരോശിന്റെ സന്നിധിയിൽ കടന്നുചെല്ലുവാൻ കഴിയുമായിരുന്നില്ല. കടന്നുചെല്ലുന്നവരുടെ നേർക്ക് ദയ തോന്നി ചക്രവർത്തി ചെങ്കോൽ നീട്ടിയില്ല എങ്കിൽ കടന്നു ചെന്നയാൾ കൊല്ലപ്പെടുമെന്നത് രാജകീയ നിയമമാണ്. എന്നാൽ മുപ്പതുദിവസത്തേക്കുള്ള രാജസന്നിധിയിലെ നിരോധനം ഉണ്ടായിരിക്കെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് എസ്ഥേർ ധൈര്യമായി ചക്രവർത്തിയുടെ സന്നിധിയിൽ കടന്നു ചെന്നു.

തന്നെ ലാളിച്ചു വളർത്തിയ മൊർദ്ദെഖായിയെയും യിസ്രായേൽ ജനത്തെ നശിപ്പിക്കുവാൻ കച്ചകെട്ടിയ ദുഷ്ടനായ ഹാമാനെയും മാത്രമേ വിരുന്നിന് ക്ഷണിച്ചിരുന്നുള്ളൂ. ചക്രവർത്തിനിയുടെ വിരുന്നു സൽക്കാരത്തിൽ ക്ഷണം ലഭിച്ചത് ഹാമാനെ അധികം സന്തുഷ്ടനാക്കി. എന്നാൽ രണ്ടാം ദിവസത്തെ വിരുന്നിൽ ചക്രവർത്തിനിയുടെ ഏതാവശ്യവും നിവർത്തിച്ചു തരാമെന്ന വാഗ്ദാനം രാജ്യത്തിൻ പകുതിയായാലും എന്നത് തുറുപ്പു ചീട്ടായി ഉണ്ടായിരുന്നു. അവൾ യിസ്രായേൽ ജനത്തിന്റെ നാശത്തിന് കാരണക്കാരനായ ഹാമാന്റെ ദുഷ്ടത വെളിച്ചത്താക്കി. രാജ്ഞിയിൽ നിന്നും ക്ഷമ യാചിച്ച ഹാമാൻ ഒരിക്കലും ആർക്കും കടന്നു ചെല്ലുവാൻ പാടില്ലാത്ത അന്തഃപുരത്തിൽ കടന്നു ചെന്നു. അത് ചക്രവർത്തി കണ്ടു. കോപപരവശനായ ചക്രവർത്തി മൊർദ്ദെഖായിക്കുവേണ്ടി ഒരുക്കിയ കഴുമരത്തിൽ ഹാമാനെ തൂക്കി കൊന്നു. യിസ്രായേൽ ജനത്തിന്റെ രക്ഷയ്ക്കായി ഒരു രാജകീയ കല്പന കൂടി പുറപ്പെടുവിച്ചു. മൊർദ്ദെഖായിയെ രാജ്യത്തെ രണ്ടാമനായി വാഴിച്ചു.

നാം വിചാരിക്കുന്നതിലും നിനയ്ക്കുന്നതിലും അധികംപരമായി നമുക്കുവേണ്ടി കരുതുന്ന ഒരു സ്നേഹനിധിയായ ദൈവം വ്യാപരിക്കുന്നു. അതുകൊണ്ട് ഒന്നിനേക്കുറിച്ചും വിചാരപ്പെട്ട് വ്യാകുലപ്പെടേണ്ടതില്ല.

സ്വദേശത്തും വിദേശത്തും അന്യദൈവങ്ങളെ സേവിക്കുന്നവരുടെ മധ്യേ ശത്രുക്കളുടെ മുൻപിൽ നമുക്കായി മേശ ഒരുക്കുന്ന നമ്മുടെ നല്ല ദൈവം. ആ ദൈവത്തെ വിശ്വസിപ്പാനും അനുസരിപ്പാനും ആശ്രയിപ്പാനും അനുഗമിപ്പിക്കാനും ഭാഗ്യം ലഭിച്ചവർ എത്രശ്രേഷ്ഠരാണ്. എസ്ഥേറിന്റെ ചരിത്രം ദാനിയേലിന്റെ ചരിത്രത്തോട് വളരെ സമാനതകളുള്ളതാണ്.

ശത്രുവായ സാത്താൻ ആർത്ത് അട്ടഹസിക്കുന്ന ഈ നാളുകളിൽ പതറാതെ സർവ്വശക്തനായ ദൈവത്തിൽ വിശ്വാസമർപ്പിച്ച് ജീവിതപോരാട്ടം തുടരുവാൻ നമ്മുടെ ദൈവം നമ്മെ സഹായിക്കട്ടെ. ത്രിയേകദൈവത്തിന്റെ തിരുനാമം ഇന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ. ●

# യേശുക്രിസ്തു- നമ്മുടെ സമാധാനദായകൻ

**മേരി അഞ്ചൻ, തുംകൂർ**

സൗത്ത് സീ ഐലൻഡ്സ് (South Sea Islands)ദ്വീപിൽ കിരാത വർഗ്ഗക്കാരുടെയിടയിൽ മിഷ്യനറി ആയിരുന്ന ജോൺ പേറ്റൺ (John Paton) തന്റെ ഏകതുണയായിരുന്ന ഭാര്യ മരിച്ചപ്പോൾ, സ്വഹസ്തങ്ങളാൽ ശവപ്പെട്ടി ഉണ്ടാക്കി, താൻ തന്നെ കുഴിയും വെട്ടി ആ മൃതദേഹം സംസ്കരിക്കയുണ്ടായി. തദ്ദേശവാസികൾ ഈ കാഴ്ച നോക്കി സ്തംഭിതരായി നിന്നിരുന്നു. അദ്ദേഹത്തിന്റെ ധൈര്യത്തിന്റെയും, ശക്തിയുടെയും രഹസ്യം മനസ്സിലാക്കുവാൻ അവർക്കു സാധിച്ചില്ല. ദിവ്യസമാധാനം അദ്ദേഹത്തെ വലയം ചെയ്തിരുന്നു. ഈ സംഭവത്തെക്കുറിച്ച് പില്ക്കാലത്ത് അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. "ക്രിസ്തുയേശുവിന്റെ സാമീപ്യവും, വാഗ്ദത്തങ്ങളും എന്നെ ബലപ്പെടുത്തിയിരുന്നില്ലെങ്കിൽ ഞാൻ ഒരു ഭ്രാന്തനെപ്പോലെ ആ ശവക്കുഴിക്കുസമീപം വീണു മരിക്കുമായിരുന്നു." അവന്റെ സമാധാനവും, പുനരുത്ഥാന ശക്തിയും നമ്മുടെ ബലഹീനതയിൽ നമ്മെ ബലശാലികളാക്കുന്നു.

മതത്തിന്റെയും, വിശ്വാസത്തിന്റെയും പേരിൽ സഹസ്രകോടി ദൈവമക്കളെ മൃഗീയമാംവണ്ണം പീഡിപ്പിക്കുകയും, വധസ്തംഭത്തോടു ചേർത്ത് വരിഞ്ഞു മുറുക്കി ബന്ധിച്ച് ചുട്ടെരിക്കുകയും ചെയ്തപ്പോൾ അന്ത്യത്തോളം കർത്താവിനെ സ്തുതിച്ചുകൊണ്ട് മരണം വരിച്ച രക്തസാക്ഷികളുടെ ധൈര്യത്തിന്റെ രഹസ്യം എന്തായിരുന്നു? സമാധാനപ്രഭുവായി നരാവതാരം ചെയ്ത "മഹത്ത്വത്തിന്റെ പ്രത്യാശയായ" ക്രിസ്തു തന്നെ.

പഴയ നിയമത്തിൽ യേശുവിന്റെ അവതാരത്തെക്കുറിച്ചുള്ള അനേക വേദഭാഗങ്ങളും നാം കാണുന്നുണ്ട്. മീഖാ 5:2 ൽ അവന്റെ ജന്മസ്ഥലത്തെക്കുറിച്ചും, യെശയ്യാ പ്രവചനത്തിൽ അവന്റെ ജനനം, ക്രൂശീകരണം മുതലായവയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതും കാണാൻ കഴിയും. 9:6-7 വരെ യേശുകർത്താവിന്റെ വിവിധ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ "സമാധാനപ്രഭു"വായി നാം അവനെ കാണുന്നു. 7:14 ൽ "കന്യക ഗർഭം ധരിച്ച് മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന പേർ വിളിക്കും"- അതേ വചനം മത്തായി 1:22-ലും രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കൊ. 2:14 -ൽ അവന്റെ ജനനത്തോടനുബന്ധിച്ച് സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" എന്നിങ്ങനെ പാടിപ്പുകഴ്ത്തി. അവൻ നമ്മുടെ സമാധാനം.

ഈ സന്ദർഭത്തെയാണ് ക്രിസ്തീയലോകം ക്രിസ്മസ് എന്ന പേരിൽ കൊണ്ടാടുന്നത്. ഇന്ന് മിക്കവാറും ലോകമൊട്ടുക്കും കൊണ്ടാടുന്ന ഒരു ജനനോത്സവമായിത്തീർന്നിട്ടുണ്ട്. എന്നാൽ പാപികളും ദോഷികളുമായ മനുഷ്യരാശിയെ രക്ഷിച്ച് അവർക്ക് നിത്യജീവനും, നിത്യസമാധാനവും നല്കുന്നതിനാണ് ദൈവപുത്രനായ യേശു ഈ ലോകത്തിലേക്കു വന്നത്.

ദൈവപുത്രൻ മനുഷ്യരൂപത്തിൽ അവതരിച്ച് മനുഷ്യർക്കായി അവരുടെയിട യിൽ ജീവിച്ചു.

സകലലോകത്തിന്റെയും പാപഭാരം വഹിച്ചുകൊണ്ട് ക്രൂശുമരണം സഹിച്ചു. മരണത്തെയും, സാത്താനെയും ജയിച്ചവനായി, പുനരുത്ഥാനം പ്രാപിക്കുകയും, സ്വർഗ്ഗാരോഹണം ചെയ്കയും ചെയ്ത കർത്താവ് തന്റെ ജനത്തെ ചേർക്കുവാൻ വീണ്ടും വരുന്ന നാൾ സമീപമായിരിക്കുന്നു. അവനെ സ്വന്തരക്ഷിതാവായി ഹൃദയങ്ങളിൽ സ്വീകരിക്കാത്തിടത്തോളം കാലം, ക്രിസ്മസ് ആഘോഷങ്ങളും, ആചാരങ്ങളും വ്യർത്ഥം തന്നെ. അവനെ കൈക്കൊണ്ട് അവന്റെ മക്കളായിത്തീരുന്നവർക്ക് അവൻ നിത്യജീവനും, നിത്യസമാധാനവും വാഗ്ദത്തം ചെയ്തിരിക്കുന്നു. താൻ ഈ ലോകം വിട്ടു പോകുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാർക്ക് നല്കിയ വാഗ്ദത്തങ്ങൾ, "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്" (യോഹ. 14:27), "നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ട തിന് ......." എന്ന് യോഹ16:33 ലും കാണുന്നു. പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷനായ കർത്താവും "നിങ്ങൾക്കു സമാധാനം" (യോഹ. 20:19,21,26) എന്നു വീണ്ടും വീണ്ടും ആവർത്തിച്ച് പ്രസ്താവിച്ചു. സ്ഥാനമാനങ്ങളോ, സമ്പത്തോ ഒന്നും തന്നെ മനുഷ്യന് സമാധാനം നല്കുന്നില്ല. സമാധാനം തേടി മനുഷ്യർ ലോകമൊട്ടുക്കും നെട്ടോട്ടം ഓടി അനേക ഗുരുക്കന്മാരെയും, മതനേതാക്കന്മാരെയും അനുധാവനം ചെയ്യുന്നു. എന്നാൽ ദൈവപുത്രനായ യേശുക്രിസ്തുവിൽ മാത്രമേ സമാധാനം ലഭിക്കൂ. അവനിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിപ്പാൻ അവൻ കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന് യേശു താൻതന്നെ അരുളിച്ചെയ്തിരിക്കുന്നു. നമ്മുടെ പ്രത്യാശ അവൻ മാത്രമാകുന്നു. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.


## ഓഫീസ് അസ്സിസ്റ്റന്റിനെ ആവശ്യമുണ്ട്

സുവിശേഷ താത്പര്യമുള്ള രക്ഷിക്കപ്പെട്ട്, മുഴുകൽ സ്നാനം പ്രാപിച്ച് കുറഞ്ഞത് S.S.L.C. യെങ്കിലും പാസ്സായ യുവാവിനെ തിരുവനന്തപുരം ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ ഓഫീസ് അസ്സിസ്റ്റന്റായി ആവശ്യമുണ്ട്. അപേക്ഷകർക്ക് റ്റൂ വീലർ ലൈസൻസു നിർബന്ധമായും ഉണ്ടായിരിക്കണം. താത്പര്യമുള്ള വർ എത്രയും വേഗം ടെലിഫോണിൽ രാവിലെ 9 മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് ബന്ധപ്പെടുക.

ഡോ. ചാൾസ് ജോൺ, മൊബൈൽ നമ്പർ: 9567637655

# ഇരുട്ടിലെ നിക്ഷേപങ്ങൾ

എൽസി ബേബി, ന്യൂ യോർക്ക്

യെശ. 45:3 -ൽ യഹോവയായ ദൈവം കോരേശ് രാജാവിനു നല്കിയ വാഗ്ദത്തമാണല്ലോ മേലുദ്ധരിച്ചിരിക്കുന്നത്. "ഞാൻ നിനക്കു ഇരുട്ടിലെ നിക്ഷേപങ്ങളേയും മറവിടങ്ങളിലെ ഗുപ്തനിധികളേയും നല്കും"! കൽദയ രാജാവായ കോരേശിനെ ദൈവം ഇത്രമാത്രം അനുഗ്രഹിച്ചതിന്റെ കാരണ മെന്തായിരുന്നു? ബാബേലിൽ പ്രവാസികളായിരിക്കുന്ന യഹൂദാജനത്തെ അവിടെനിന്നും ഒരു കേടും കൂടാതെ വിടുവിച്ച് യറുശലേമിലെത്തിച്ച് ഇടിഞ്ഞും കരിഞ്ഞും നശിച്ചു കിടക്കുന്ന ദൈവാലയം പുതുക്കിപണിയണം. അവർ സ്വൈര്യമായി ആ രാജ്യത്തു വസിക്കണം. അതിലെല്ലാം ഉപരിയായി അന്യദേവന്മാരേയും, ഊമവിഗ്രങ്ങളേയും ഭജിച്ച് ആരാധിക്കുന്ന കോരേശ് രാജാവ് "യഥാർത്ഥ ദൈവം യിസ്രായേലിന്റെ ദൈവമായ യഹോവയാകുന്നു എന്നറിയണം. ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല. ഞാനല്ലാതെ ഒരു ദൈവവുമില്ല" എന്ന് ദൈവം കോരേശിനെ കാണിച്ചു കൊടുത്തു. ബാബേൽ സംസ്ഥാനത്ത് പൂർവ്വരാജാക്കന്മാരും, ധനികന്മാരും മണ്ണിൽ കുഴിച്ചിട്ടിരിക്കുന്ന പൊന്ന്, വെള്ളി മുതലായ സമ്പത്തുക്കളായിരുന്നു ദൈവം കോരേശിന്നു വാഗ്ദത്തം ചെയ്തതെങ്കിൽ ദൈവം തന്റെ മക്കൾക്കു നല്കുന്ന സമ്പത്തും നിക്ഷേപങ്ങളും അവയേക്കാൾ എത്രയോ വിലയേറിയതും മഹത്ത്വമേറിയതുമാകുന്നു. രാത്രിയിൽ സ്തോത്രഗീതങ്ങളെ നല്കുന്ന കർത്താവ്! "രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു" എന്റെ ഹൃദയം കൊണ്ടു ധ്യാനിക്കുന്നു: എന്റെ ആത്മാവു ശോധന ചെയ്യുന്നു" എന്നു സങ്കീർ ത്തനക്കാരൻ പാടുന്നു. ഭൗമിക നിക്ഷേപങ്ങൾ നിലനില്ക്കുന്നവയല്ല. എന്നാൽ ദൈവം തന്റെ മക്കൾക്കു നല്കുന്ന ഇരുട്ടിലെ നിക്ഷേപങ്ങളും മറവിടങ്ങളിലെ ഗുപ്തനിധികളും നിത്യതയോളം നിലനില്ക്കുന്നവയാകുന്നു.

ചില ഇരുട്ടിന്റെ അനുഭവങ്ങൾ: രാത്രിയാമങ്ങളിലെ ഉറക്കമില്ലാത്ത അനുഭവങ്ങളാണല്ലോ ഭക്തന്മാരിൽ കൂടെ നമുക്കു ലഭിച്ചിട്ടുള്ള പാട്ടുകൾ! രോഗക്കിടക്കകൾ, മനോവേദനകൾ, ജീവിതത്തിൽ ആകസ്മികങ്ങളായി നേരിടുന്ന ചില അനർത്ഥങ്ങൾ ദൈവം തന്റെ മക്കൾക്കായി നിക്ഷേപിച്ചി ട്ടുള്ള നിക്ഷേപങ്ങളെ കണ്ടെത്തുന്നതിനാകുന്നു. നമുക്കു നേരിടുന്ന പരിശോ ധനകൾ, കണ്ണുനീരിന്റെ അനുഭവങ്ങൾ, ഉറക്കമില്ലാത്ത രാത്രികൾ, വേദനകൾ, പ്രതിസന്ധികൾ ഇവയെല്ലാം ദൈവം നമുക്കു വാഗ്ദാനം ചെയ്തിട്ടുള്ള ഇരുട്ടിലെ നിക്ഷേപങ്ങളെ കണ്ടെത്തി അവ സ്വന്തമാക്കുവാൻ വേണ്ടിയാകുന്നു. എന്താകുന്നു ആ സമ്പത്ത്? സ്വർഗ്ഗീയ വാഗ്ദാനങ്ങൾ? ദിവ്യസമാധാനം, കർത്താവിലുള്ള സന്തോഷം! ഭാഗ്യകരമായ നിത്യതയേക്കു റിച്ചുള്ള പ്രത്യാശ! വിലയേറിയതും തീയിൽ ശോധന ചെയ്തതുമായ വിശ്വാസം! കയ്പ്പേറിയ ചില ജീവിതാനുഭവങ്ങൾ നമ്മെ ചില പാഠങ്ങൾ പഠിപ്പിച്ച്, ക്രിസ്തുവിന്റെ സ്വഭാവത്തോടു നമ്മെ അനുരൂപരാക്കുവാൻ വേണ്ടി മാത്രമാകുന്നു എന്ന അറിവാകുന്നു നമ്മെ കഷ്ടതയിലും പാടുവാൻ പ്രാപ്തരാക്കുന്നത്. ലോകമക്കൾ അങ്ങനെയുള്ള അനുഭവങ്ങളിൽ നിരാശരായി മദ്യത്തിലും മയക്കുമരുന്നുകളിലും, ലൈംഗികാസക്തികളിലും ആശ്രയിക്കുമ്പോൾ ദൈവമക്കൾ തങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നു; ഉല്ലസിച്ചാനന്ദിക്കുന്നു. കാരണം, ഈ കഷ്ടതകളും കണ്ണുനീരും കേവലം

താത്ക്കാലികം മാത്രമാകുന്നു എന്നവർ വിശ്വസിക്കുന്നു. അതിന്നപ്പുറത്തു വച്ചിരിക്കുന്ന അനുഗ്രഹങ്ങളെ, സന്തോഷത്തെ, വലിയ നിക്ഷേപങ്ങളെ കണ്ടു കൊണ്ട് അവർ തങ്ങളുടെ പ്രതിസന്ധികളെ തരണം ചെയ്യുന്നു. അവർ ഏക രായിട്ടല്ല, കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ കർത്താവ് അവരോടൊപ്പ മുണ്ട് എന്നത് അവർക്കാശ്വാസം നല്കുന്നു. തീയുടെ നടുവിൽ അവർ നടക്കുന്നു. കഷ്ടതയുടെ കടുംതടവിൽ അവർ ദൈവത്തെ പാടി സ്തുതിച്ച് ആരാധിക്കുന്നു. "കാരിരുൾ മൂടും വേളകളിൽ കർത്താവിൻ പാദം ചേർന്നിടും ഞാൻ: കാരിരുമ്പാണിയിൻ പാടുള്ള പാണിയാൽ കരുണ നിറഞ്ഞവൻ കാക്കും എന്നെ" എന്ന ഉറപ്പും ധൈര്യവും, ദൈവത്തിൽ മാത്രം ആശ്രയിപ്പാൻ അവരെ ബലപ്പെടുത്തുന്നു. "എല്ലാ ആകുലചിന്തയും വല്ലഭനാം നിന്മേലാക്കി നല്ലപോർ വിശ്വാസത്തിൽ പൊരുതാൻ സഹായിക്കുകേ" എന്ന് അവർ പ്രാർത്ഥിക്കുന്നു. "എന്റെ കൃപ നിനക്കുമതി" എന്ന കർത്താവിന്റെ ശബ്ദം അവരുടെ കാതുകളിൽകൂടെ ഹൃദയത്തിലേക്കൊഴുകിചെല്ലുമ്പോൾ" പ്രതികൂലങ്ങളനവധി വന്നാലും, അനുകൂലമവനെനിക്കെന്നാളും, തിരുജീവനെ തന്നവനിനിമേലും കൃപയാൽ നടത്തും എന്നെ" എന്ന ഉറപ്പും ധൈര്യവും ലഭിക്കുന്നു. "പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻ തണലിൽ. മരണദിനം വരുമളവിൽ മറഞ്ഞിടും ഞാൻ നിൻമാർവ്വിടത്തിൽ" എന്ന പ്രത്യാശ യഥാർത്ഥ ദൈവമക്കൾക്കുള്ള വിലയേറിയ സമ്പത്താകുന്നു. "എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും യേശുമാത്രം സമ്പത്താകുന്നു" എന്ന് ധൈര്യമായി പാടുവാൻ ശക്തി നല്കുന്നത് ദൈവ കൃപമാത്രമാകുന്നു.

പ്രിയ സഹോദരിമാരെ, എന്റെ ജീവിതത്തിൽ പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ ക്രിസ്തുവിലും, ദൈവത്തിലുള്ള വിശ്വാസത്തിലും ആശ്രയത്തിലും, സമ്പന്നയാക്കിയത് എന്റെ പരിശോധനകളാകുന്നു. ഇരുട്ടിന്റെ അനുഭവങ്ങൾ, മനോവേദനകൾ, നിരാശയുടെ അനുഭവങ്ങൾ, ഉറക്കമില്ലാത്ത രാത്രികൾ, കണ്ണുനീർ തോരാത്ത അനുഭവങ്ങൾ, മനമുരുകി കരഞ്ഞിട്ടുള്ള രാത്രിയാമങ്ങളൊക്കെ, ഉണ്ടായിട്ടുണ്ട്. "എനിക്കു ശക്തിയില്ല; ഞാൻ തളരുന്നു" എന്നു തോന്നിയിട്ടുള്ള അനുഭവങ്ങളുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ ആശ്രയം തിരുവചനം മാത്രമായിരുന്നു. അതിന്റെ ആഴത്തിലേക്കിറങ്ങി അതിൽ ഗുപ്തമായി നിക്ഷേപിച്ചിട്ടുള്ള നിധികളെ ഞാൻ വാരിക്കോരി എടുത്ത് സമ്പന്നയായി തീർന്നു. തൃപ്തിയായിട്ടില്ല ഇപ്പോഴും ആ 'ഖനി'യിലിറങ്ങി ആവോളം കോരി എടുത്തുകൊണ്ടിരിക്ക യാകുന്നു. ലോകം നല്കുന്ന സമ്പത്തിനേക്കാൾ, ധനസുഖങ്ങളേക്കാൾ എത്രയോ വിലയേറിയ സമ്പത്താകുന്നു ഞാൻ എന്റെ ക്രിസ്തുവിലും, അവന്റെ വചനത്തിലും കണ്ടെത്തിയതെന്ന് വർണ്ണിക്കുവാൻ എന്റെ നാവിന്നു ശക്തി പോരാ! ഈ എഴുതുന്ന പേനയ്ക്കോ കടലാസ്സിനോ ഇടം പോരാ! നിങ്ങൾക്കും അതു കണ്ടെത്താം. രോഗക്കിടക്കയിൽ, കണ്ണുനീർതാഴ്വരയിൽ, ദുഃഖസാഗരത്തിന്റെ ആഴത്തിൽ, പ്രതിസന്ധികളാകുന്ന പർവ്വത കൊടുമുടിയിൽ എല്ലാ സംശയങ്ങളും, ഭയവും, ശങ്കകളും, നെടുവീർപ്പുകളും, നിരാശകളും, ദുഃഖവും, പിറുപിറുപ്പും, അസംതൃപ്തികളും ഉപേക്ഷിച്ച് ദൈവ കൃപയിൽമാത്രം ആശ്രയിക്കുക. തിരുവചനം ആഹാരമായി ഭക്ഷിക്കുക. പ്രാർത്ഥനയിൽ പോരാടുക. കർത്തൃപാദത്തിൽ സ്വയം സമർപ്പിക്കുക. സ്തോത്രഗീതങ്ങൾ പാടി കർത്താവിനെ സ്തുതിച്ചാരാധിക്കുക. ഇന്നു തന്നെ അത് ആരംഭിക്കുക. ക്രിസ്തുവിൽ സമ്പന്നരാകുക. നിത്യതയോളം നിലനില്ക്കുന്ന സമ്പത്തിനവകാശികളാകുക. കർത്താവു കൃപചെയ്യട്ടെ! ●

# യേശുവിന്റെ അമ്മയും മറ്റു മറിയമാരും

**റവ. എ.ജെ. ജോൺ കൊഴുവല്ലൂർ**

യേശുവിന്റെ അമ്മയായ മറിയ ഉൾപ്പെടെ ആറുമറിയമാർ പുതിയ നിയമത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. ഈ നാമത്തിന്റെ എബ്രായ രൂപം 'മിറിയം' ആണ്. മോശെയുടെ സഹോദരി 'മിര്യാം' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു (MIRIAM). ഹേരോദിന്റെ റാണിയുടെ പേരു മറിയ എന്നായിരുന്നതിനാൽ പുതിയ നിയമാരംഭകാലത്ത് ഈ പേര് വളരെ പ്രചാരം സിദ്ധിച്ചിരുന്നതായി കരുതപ്പെടുന്നു.

യേശുവിന്റെ അമ്മയായ മറിയയെ ദൈവമാതാവായി കരുതുന്നത് "കത്തോലിക്കാ", "ഓർത്തഡോക്സ്" സഭകളാണ്. അന്ത്യോക്യൻ പാരമ്പര്യ പ്രകാരം ദൈവാലയങ്ങൾ പ്രതിഷ്ഠിക്കപ്പെടേണ്ടത് ദൈവമാതാവിന്റെ നാമത്തിലാണ്. "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ" ചെയ്യണം എന്ന് വി.പൗലോസ് ശ്ലീഹ കൊലൊ. 3:17 -ൽ പറയുന്നതിന് വിപരീതമാണ് അന്ത്യോക്യൻ പാരമ്പര്യം. യേശുവിന്റെ അമ്മയായ മറിയം കർമ്മപാപം ചെയ്തിട്ടില്ല എന്നും ജന്മപാപത്തിൽ നിന്നും മോചിതയായി എന്നും ഈ സഭകൾ പഠിപ്പിക്കുന്നു. ജന്മപാപത്തിൽ നിന്നും മോചിതയായത് എപ്പോഴാണെന്ന് വ്യക്തമാക്കുന്ന ഔദ്യോഗിക പ്രഖ്യാപനം ഓർത്തഡോക്സ് സഭ നടത്തിയിട്ടില്ലെങ്കിലും 1854-ൽ കത്തോലിക്കാസഭ 'ഡോഗ്മ' പ്രഖ്യാപിച്ചിട്ടുണ്ട്. മാതൃഗർഭത്തിൽ യേശു ഉരുവായ ആദ്യനിമിഷത്തിൽ തന്നെ അത്ഭുതകരമായി ജന്മപാപ മുക്തിയും സംഭവിച്ചു. ഇതാണ് മാതാവിന്റെ അമലോത്ഭവം എന്നു കത്തോലിക്കർ വിശ്വസിക്കുന്നത്. 'കന്യാമറിയം സ്വർഗ്ഗാരോഹണം ചെയ്തു എന്ന പേരിൽ അഞ്ചാം നൂറ്റാണ്ടു മുതൽ 'ശുനയോ' പെരുനാൾ ആചരിച്ചുവരുന്നുണ്ട് ഓഗസ്റ്റ് 10 മുതൽ 15 വരെ. എട്ടു നോമ്പ് എന്ന പേരിൽ സെപ്റ്റംബർ ഒന്നു മുതൽ എട്ടുവരെ ആചരിക്കുന്നത് മറിയത്തിന്റെ ജനനവുമായി ബന്ധപ്പെടുത്തിയാണ്.

ഓർത്തഡോക്സ്- കത്തോലിക്കാസഭകളുടെ വീക്ഷണത്തിനു വിപരീത മാണ് പ്രൊട്ടസ്റ്റന്റ് സഭകളുടെ നിലപാട്. എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സില്ലാത്തവരായിത്തീർന്നു എന്ന റോമർ 3:23 അടിസ്ഥാനമാക്കി ഐറേനിയസ്, ഓറിഗൻ, തെർത്തുല്യൻ എന്നീ സഭാപിതാന്മാരുടെ വീക്ഷണ ത്തിനാണ് പ്രൊട്ടസ്റ്റന്റ് സഭകൾ മുൻതൂക്കം കൊടുക്കുന്നത്. യെരുശലേ മിലെ സഭയിലുണ്ടായിരുന്ന ആദിമവിശുദ്ധരുടെ പട്ടികയിലൊരാൾ എന്നതി ലുപരി ഒരു പദവിയും യേശുവിന്റെ അമ്മയായ മറിയയ്ക്കുണ്ടായിരുന്നില്ല എന്നു കരുതുന്നത് മഹാപാതകമായി മറിയഭക്തർ വിശ്വസിക്കുന്നു.

"ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ, എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" എന്ന് വി. പൗലൊസ് ശ്ലീഹ 1 തിമൊ. 2:5-6-ൽ വ്യക്തമാക്കിയിരിക്കു ന്നതിന് വിപരീതമായി ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള ഒരേയൊരു

പാലം ദൈവമാതാവാണെന്നു പ്രസംഗിച്ച കോൺസ്റ്റന്റിനേപ്പിളിലെ പാത്രിയാർക്കീസ് പ്രൊക്ലൂസിന്റെ ദുരുപദേശത്തെ തോളിലേറ്റി നടക്കുന്നവർ ''ഓർത്തഡോക്സ്'' എന്ന വിശേഷണം ഉപയോഗിക്കുന്നതാണ് വിരോധാഭാസം- എന്തെന്നാൽ ഓർത്തഡോക്സ് എന്ന പദത്തിനർത്ഥം 'സദുപദേശം' അഥവാ പത്ഥ്യോപദേശം (Sound Doctrine) എന്നാണ്!

നെസ്തോറിയൻ സഭാവിഭാഗക്കാർ മറിയത്തെ യേശുവിന്റെ അമ്മയെന്നു വിളിച്ചതിനു വിപരീതമായി ദൈവമാതാവെന്നു തന്നെ വിളിക്കണം എന്നു ശഠിച്ചവരാണ് ഓർത്തഡോക്സ് സഭാവിശ്വാസികൾ. ''കൃപനിറഞ്ഞ മറിയമേ........'' എന്ന പ്രാർത്ഥന ഓർത്തഡോക്സ് കത്തോലിക്കാസഭകളിൽ ഒരു ദിവസം ശരാശരി 20-25 പ്രാവശ്യം ഉച്ചരിക്കുന്നതായി കരുതപ്പെടുന്നു. പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ എന്ന പ്രാർത്ഥന A.D. രണ്ടാം നൂറ്റാണ്ടു മുതൽ മാത്രം ആരംഭിച്ചതാണ്. അപ്പോസ്തോലിക കാലത്ത് ആരും അപ്രകാരം പ്രാർത്ഥിച്ചിരുന്നില്ല എന്നു വ്യക്തം. മറിയ രണ്ടാം ഹവ്വാ എന്ന സങ്കല്പവും ആരംഭിച്ചത് ഏകദേശം ഈ കാലയളവിലാണ്. കത്തോലിക്കാസഭ ശനിയാഴ്ചയും ഓർത്തഡോക്സ് സഭ ബുധനാഴ്ചയും മാതാവിനുവേണ്ടി വേർതിരിച്ചിരിക്കുന്നു. ഇതിനിടയിൽ ഉണ്ണിയേശുവിനും സ്ഥാനമുണ്ട്. രക്ഷകനായി അവതരിച്ച് കുരിശിൽ മരിച്ചുയർത്ത് സ്വർഗ്ഗാരോഹണം ചെയ്തു. ''തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി വീണ്ടും വരുന്ന യേശുവിനോടുള്ള പ്രാർത്ഥന അപ്രസക്തം. അമ്മയോടു പറഞ്ഞാൽ മതി; അമ്മ പറഞ്ഞാൽ മകൻ അനുസരിക്കാതിരിക്കില്ലത്രേ! അതാണല്ലോ ഉണ്ണിയേശുസങ്കല്പത്തിന്റെ പ്രസക്തിയും.

(തുടരും)

***************


## സൗജന്യ വേദാദ്ധ്യയനം

**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക്*

*എഴുതേണ്ട വിലാസം*

**The Director**

Good News Ministries

Akkulam Road, Trivandrum - 695 031

# "നന്ദി വേണോ പണം വേണോ?"

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

ഒരു സായിപിനു എന്തോ സഹായം ചെയ്തു കൊടുത്ത വ്യക്തിയോടു സായ്പു ചോദിച്ചതായി കേട്ടിട്ടുണ്ട്, 'നന്ദി വേണോ പണം വേണോ' എന്ന്. പണത്തെക്കാൾ ഏതോ കൂടിയ സാധനമാണ് ഈ നന്ദിയെന്നു കരുതി, സായ്പേ നന്ദി മതി എന്നയാൾ പ്രതിവചിച്ചു. കാശുവേണ്ടാത്ത മലയാളി യുടെ മറുപടിയിൽ സന്തുഷ്ടനായ സായ്പ്, ഒന്നല്ല, രണ്ടു നന്ദി പറഞ്ഞ് സ്ഥലവും വിട്ടു. എന്തൊരമളി!

നന്ദി എന്നത് സായിപ്പിന്റെ കുത്തകയാണെന്നാണു നമ്മുടെ സങ്കല്പം. കാരണം, എന്തിനും അവർ നന്ദി പറയും. നമ്മളാകട്ടെ, നിഘണ്ടുവിൽ അങ്ങനെയൊരു വാക്കേ ഇല്ലെന്ന രീതിയിലാണു നമ്മുടെ ഇടപാടുകൾ. ഏതാണ്ടു മുപ്പത്തഞ്ചുവർഷങ്ങൾക്കുമുമ്പ് നഗരത്തിലെ ഒരു പ്രധാന പോസ്റ്റാ ഫീസിൽനിന്നും സ്റ്റാമ്പും കവറുമൊക്കെ വാങ്ങിയശേഷം അതെനിക്കു വിറ്റ ക്ലാർക്കിനോടു ഞാൻ "താങ്ക് യൂ സർ" എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മുഖത്ത് പെട്ടെന്നു ഗൗരവം വർദ്ധിച്ചു. "നിങ്ങൾ എന്തവാ പറഞ്ഞതെ"ന്നു എന്നോടു ചോദിച്ചതു ഞാൻ ഓർക്കുന്നു. സാറിനു നന്ദി പറഞ്ഞതാണെന്ന് അദ്ദേഹത്തെ ധരിപ്പിക്കുവാൻ അല്പം ബുദ്ധിമുട്ടേണ്ടിവന്നു. അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല; കാരണം, ദിവസം മുഴുവനും പോസ്റ്റാഫീസിൽ ജോലി ചെയ്യുന്ന അദ്ദേഹം കേട്ടിട്ടില്ലാത്ത ഒരു അപ്രതീക്ഷിതപ്രതികരണ മാണ് അദ്ദേഹം എന്നിൽ നിന്നും കേട്ടത്. പരാതികൾ മാത്രം കേട്ടുതഴമ്പിച്ച കർണ്ണപുടത്തെ വിശ്വസിക്കാൻ കഴിയാതെ പോയതായിരിക്കണം എന്റെ നന്ദി പ്രകടനത്തെ അദ്ദേഹം തിരിച്ചറിയാതെ പോയത്. ഈ മാസിക കൃത്യമായി നിങ്ങളുടെ കരങ്ങളിലെത്തിക്കുന്ന പോസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരോടുള്ള നന്ദി കേവലം വാക്കുകളിൽ ഒതുക്കാതെ എല്ലാ ക്രിസ്മസ്സിനും കേയ്ക്കു നല്കുമ്പോൾ ഞങ്ങളുടെ നന്ദിവാക്കുകളുടെ വ്യാപ്തി ഒരളവിലെങ്കിലും അവർക്കു ഗ്രഹിക്കുവാൻ കഴിയുന്നു. നന്ദി മാത്രം പോരാ, പണവും ചെല വിടണം.

മറ്റുള്ളവരെ ബഹുമാനിക്കുന്നതിൽ പിശുക്കന്മാരായ നമ്മിൽ നിന്നും 'സർ' എന്ന അഭിസംബോധനയും അസാധാരണമാണല്ലോ. ട്രാഫിക്കിലും മറ്റും പകലന്തിയോളം വെയിലും കൊണ്ട് വിശ്രമമില്ലാതെ നില്ക്കുന്ന പോലീസ് ഉദ്യോഗസ്ഥരോടുള്ള നമ്മുടെ മനോഭാവമെന്താണ്? അവരോടു ഒരിക്കലെങ്കിലും 'താങ്ക് യു സാർ' എന്നു പറഞ്ഞിട്ടുണ്ടോ? പിന്നെങ്ങനെ യാണ് അവർ നമ്മളെ 'സാറേ' എന്നു വിളിക്കണമെന്നു നാം പ്രതീക്ഷിക്കു ന്നത്? നമ്മെ മറ്റുള്ളവർ 'സർ' എന്നു അഭിസംബോധന ചെയ്യണമെന്നു നാം പ്രതീക്ഷിക്കുന്നുവെങ്കിൽ, മറ്റുള്ളവർ നമുക്കു ചെയ്യണമെന്നു നാം പ്രതീക്ഷി ക്കുന്നത് അവർക്കു ചെയ്യുവാൻ നാമും ഉത്സുകരായിരിക്കണം.

ആർക്കും ആരോടും കടപ്പാടുകളൊന്നും ഇല്ലാത്ത ഈ ലോകത്തിൽ വല്ലവരും നമുക്കു നന്മ ചെയ്താൽ അവർക്കു നന്ദിപറയുവാൻ നാം ബാധ്യസ്ഥരായിരിക്കെ, 'ആഹാ, ഇത്രയെ നിങ്ങൾ ചെയ്തുള്ളല്ലോ; ഞാനിതിൽ വളരെ കൂടുതലാണ് നിങ്ങളിൽ നിന്നും പ്രതീക്ഷിച്ചിരുന്നത്' എന്നു പരിഭവം പറയുന്ന പ്രവണതയാണു കണ്ടുവരുന്നത്. ഇച്ഛാഭംഗപ്പെടാതിരിക്കാനുള്ള കുറുക്കുവഴി, ആരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതിരിക്കുന്നതാണ്. ആരെങ്കിലും നമുക്കുവേണ്ടി എന്തെങ്കിലും ചെയ്താൽ അത് അവരുടെ സന്മനസ്സെന്നു കരുതുക. നന്മചെയ്യുന്നവരോടുള്ള കൃതജ്ഞതയാണ് നന്ദിരൂപേണ ബഹിർഗമിക്കുന്ന വാക്കുകൾ. പക്ഷേ, ഒരു കൃതഘ്നനെ സംബന്ധിച്ചിടത്തോളം ലഭിച്ച നന്മയ്ക്കു എന്തു നന്ദി പറയാനാണ്, അവർക്ക് ഒരുപാടുള്ളതുകൊണ്ട് അവർ കൊടുക്കുന്നു എന്ന മനോഭാവമായിരിക്കും ഉള്ളത്. ആ മനോഭാവം നന്മയുടെ വാതായനത്തെ കൊട്ടിയടയ്ക്കുകയാണു ചെയ്യുന്നതെന്നു മനസ്സിലാക്കേണ്ടതാണ്. എന്റെ ആവശ്യസമയത്ത് എന്നെ സഹായിക്കുന്നവരോടു ഞാനൊരു നന്ദിവാക്കു പറയുന്നില്ലെങ്കിൽ, 'അവനെത്ര നന്ദികെട്ടവൻ' എന്നു എന്നെ സഹായിക്കുന്നവർ ചിന്തിച്ചെങ്കിൽ അതു കേവലം മാനുഷികം മാത്രം. **നന്ദികെട്ടവനെ** പിന്നെ അവർ എന്തിനു സഹായിക്കണം? ഒന്നാമതായി എല്ലാ നന്മകളും ദൈവത്തിങ്കൽ നിന്നും ആണെന്നു ഓർക്കുക. ദൈവത്തോടു നന്ദിയുണ്ടെങ്കിലേ മനുഷ്യനോടും **നന്ദി** കാണുകയുള്ളൂ. ഒരു പാട്ടു നാം പാടാറില്ലേ. "സർവനന്മകൾക്കും സർവദാനങ്ങൾക്കും ഉറവിടമാം എന്നേശുവേ- നിന്നെ ഞാൻ സ്തുതിച്ചിടുന്നു ദിനവും പരനേ നന്ദിയാൽ." അർത്ഥം മനസ്സിലാക്കിയാണോ അതോ, യാന്ത്രികമായി പാടുകയാണോ, ചിന്തിക്കുക. ലൗകികർ നന്ദികേടിന്റെ പര്യായങ്ങളായി പരിണമിച്ചാൽ പോകട്ടെ എന്നു വയ്ക്കാം- അവരുടെ ഉള്ളിൽ ദൈവസ്നേഹമില്ലല്ലോ. പക്ഷേ, ആത്മികർ എന്നഭിമാനിക്കുന്നവർപോലും കൃതഘ്നന്മാരുടെ പട്ടികയിൽ മുൻപന്തിയിലുണ്ടെന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. 103-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

എൻമനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവാന്തരംഗവുമേ
അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.

എൻമനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. (വാ.1,2)

കാര്യസാധ്യങ്ങൾക്കായി കൂടെനിന്ന് വേണമെങ്കിൽ കാലും തിരുമ്മി ലക്ഷ്യപ്രാപ്തിയിലെത്തുമ്പോൾ കാലുമാറുന്ന വിശ്വാസികൾക്കും നന്ദി എന്ന പദത്തിന്റെ അർത്ഥവ്യാപ്തി അറിഞ്ഞുകൂടാ. പക്ഷേ, അവർ ഒന്നു മനസ്സിലാക്കണം. അത്തരം പ്രവൃത്തികൾ ദൈവത്തിനു പ്രസാദകരമല്ല പ്രത്യുത, ദൈവാനുഗ്രഹങ്ങൾക്കു തടങ്കൽപാറയായിരിക്കും. "എൻമനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. മറ്റുള്ളവരിലൂടെ യാണു ദൈവം നമുക്കു ഉപകാരങ്ങൾ ചെയ്യുന്നതെങ്കിൽ, ദൈവത്തോടു മാത്രം നന്ദിയുള്ളവരായാൽ പോരാ; മനുഷ്യനോടും ഉപകാരസ്മരണയും നന്ദിയും

ഉണ്ടായിരിക്കേണ്ടതാണ്. അപ്പൊസ്തലനായ പൗലൊസ് അക്കാര്യം ഫിലിപ്പിയിലെ വിശ്വാസികൾക്കു എഴുതിയിരിക്കുന്നതു ഫിലി. 1:5,6 വാക്യങ്ങളിൽ കാണാവുന്നതാണ്. "ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു."

ദൈവസ്നേഹം നിർബന്ധിക്കുന്നതുകൊണ്ടാണ് മറ്റുള്ളവർ നമ്മെ സഹായിക്കുന്നത്. യഹോവ ചെയ്യുന്ന ഉപകാരങ്ങൾ ഒന്നും മറക്കരുതെന്ന് സങ്കീർത്തനക്കാരൻ നമ്മെ ഉദ്ബോധിപ്പിക്കുമ്പോൾ നാമാകട്ടെ അവിടത്തെ ഉപകാരങ്ങൾ ഒന്നും ഓർക്കാതിരിക്കുന്നു. ഓർക്കേണ്ടതു മറക്കയും മറക്കേണ്ടതു ഓർത്തുവയ്ക്കയും ചെയ്യുകയാണ് മനുഷ്യപ്രകൃതി. ദൈവിക വ്യവസ്ഥയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നതാണു നമ്മുടെ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം. മറക്കേണ്ടതു മറക്കാത്തതുകൊണ്ട് ക്ഷമിക്കേണ്ട സ്ഥാനത്തു നമുക്കു ക്ഷമിക്കുവാൻ കഴിയാതെ പോകുന്നു. മറക്കേണ്ടതു ഓർത്ത് നാം ഫറവോനെപ്പോലെ ഹൃദയം കഠിനമാക്കുന്നു. സന്തോഷകരവും സംതൃപ്തവുമായ ജീവിതത്തിനുപകരം അസംതൃപ്തിയും വെറുപ്പും വിദ്വേഷവും വച്ചുപുലർത്തുന്ന ഒരു ജീവിതത്തിന്റെ ഉടമയായിത്തീരുന്നു. അപ്രകാരമുള്ള ഏതൊരു വ്യക്തിയാണ് നന്ദി നിറഞ്ഞ ഹൃദയത്തിന്റെ ഉടമയായിരിക്കുക? ഹൃദയത്തിൽ സംതൃപ്തിയില്ലെങ്കിൽ പിന്നെവിടെ നിന്നാണ് നന്ദി പൊങ്ങിവരിക?

നമുക്കു ചുറ്റും നാം നോക്കുമ്പോഴാണ് നമ്മുടെ ഹൃദയം ഒന്നുകിൽ നന്ദികൊണ്ടു നിറയുന്നത്; അല്ലെങ്കിൽ അതൃപ്തികൊണ്ടു അസ്വസ്ഥമാകുന്നത്. കാഴ്ചപ്പാടനുസരിച്ചായിരിക്കും പ്രതികരണവും. നമ്മെക്കാൾ ഉന്നതരുമായി നമ്മെ തുലനം ചെയ്കയാണെങ്കിൽ, ദൈവം അവർക്കുള്ളതു പോലെ എന്തുകൊണ്ട് നമുക്കും ഭൗതികനന്മകൾ തന്നില്ല എന്നു ദൈവത്തെ ചോദ്യം ചെയ്യാനിടയുണ്ട്. ദൈവത്തെ ചോദ്യം ചെയ്യുന്ന ഹൃദയത്തിൽ നന്ദിയുടെ ഒരു കണികപോലും കാണുകയില്ല. എന്നാൽ നമ്മെക്കാൾ ഹതഭാഗ്യരായവരുമായി നമ്മെ താരതമ്യം ചെയ്യുന്നപക്ഷം, അവർക്കു ലഭിച്ചതിൽ അത്യധികമായ നന്മകളാൽ നമ്മെ അനുഗ്രഹിച്ച ദൈവത്തിനു ഒരുപാടു നന്ദികരേറ്റുവാൻ ഇടയാകും. നമ്മുടെ നന്ദിയുടെയും നന്ദികേടിന്റെയും ഒക്കെ ആധാരം നമ്മുടെ മനോഭാവത്തിൽ അധിഷ്ഠിതമാണെന്നു അനുമാനിക്കുന്നതിൽ അപാകതയില്ല.

പ്രിയ സ്നേഹിതാ, താങ്കൾ ആരുമായിട്ടാണു താങ്കളെ താരതമ്യം ചെയ്യുന്നത്? നമ്മെക്കാൾ ഉന്നതരുമായോ അതോ നമ്മെക്കാൾ താഴെത്തട്ടിലുള്ളവരുമായോ? നമ്മുടെ അധരപുടങ്ങൾ ആമന്ത്രണം ചെയ്യുന്നത് നന്ദിയെന്നോ അതോ പണമെന്നോ? രണ്ടും വേണം: **നന്ദിയും** വേണം: പണവും വേണം. ഒന്നോർക്കുക. നന്ദിയുണ്ടെങ്കിലേ പണവും കിട്ടുകയുള്ളൂ. പണം കിട്ടുമ്പോഴെങ്കിലും നന്ദി പറയുക. ദൈവത്തോടും നമുക്കു നന്മകൾ നല്കാൻ ദൈവം നിയോഗിക്കുന്ന മനുഷ്യരോടും നന്ദിയും കടപ്പാടും ഉള്ളവരായി ജീവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

# മുള്ളും പറക്കാരയും

**ജെസി ബെൻസെൻ, കൊച്ചി**

മനുഷ്യൻ പാപം ചെയ്തതു നിമിത്തം ഭൂമി ശപിക്കപ്പെട്ടതോടെയാണ് മുള്ളും പറക്കാരയും ഭൂമിയിൽ മുളയ്ക്കുവാൻ തുടങ്ങിയത്. "...... നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു..... മുള്ളും പറക്കാരയും നിനക്കു അതിൽ നിന്നു മുളയ്ക്കും" എന്നിങ്ങനെയാണ് ദൈവം അരുളിച്ചെയ്തത്. അക്ഷരാർത്ഥത്തിൽ ഭൂമിയിൽ മുള്ളും പറക്കാരയും മുളയ്ക്കുന്നതുപോലെ തന്നെ, പാപം നിമിത്തം ജീവിതത്തിലും മുള്ളിന്റെയും പറക്കാരയുടെയും അനുഭവങ്ങൾ ഉണ്ടാകുമെന്നും തിരുവചനം മുന്നറിയിപ്പു നല്കുന്നുണ്ട്. യിസ്രായേൽ മക്കളുടെ ജീവിതത്തിൽ അത് സംഭവിച്ചതായും നാം കാണുന്നു.

"എന്നാൽ ദേശത്തെ നിവാസികളെ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയാതിരുന്നാൽ, നിങ്ങൾ അവരിൽ ശേഷിപ്പിക്കുന്നവർ നിങ്ങളുടെ കണ്ണുകളിൽ മുള്ളുകളും പാർശ്വങ്ങളിൽ കണ്ടകങ്ങളുമായി (പറക്കാര) നിങ്ങൾ പാർക്കുന്ന ദേശത്തു നിങ്ങളെ ഉപദ്രവിക്കും" എന്നിങ്ങനെ ദൈവം മോശെ മുഖാന്തരം യിസ്രായേൽ ജനത്തിന് മുന്നറിയിപ്പു നല്കിയിരുന്നു. (സംഖ്യ. 33:55) യിസ്രായേൽ മക്കളുടെ ചരിത്രം പരിശോധിച്ചാൽ അനേകജാതികളെ അവർ തങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളയാതെ അവശേഷിപ്പിക്കയും കൂടെ പാർപ്പിക്കയും ചെയ്തുവന്നിരുന്നതായി കാണാം. (ന്യായാ. 1:27-33)

നീക്കിക്കളയുക എന്ന ദൈവകല്പനയെ അവർ മുഖവിലയ്ക്കെടുക്കാതെ ഊഴിയവേലയ്ക്കായി ചിലരെ ശേഷിപ്പിക്കയും പ്രയോജനപ്പെടുത്തുകയുമാണ് ചെയ്തത്. ഇങ്ങനെ യിസ്രായേൽമക്കൾ അവരെ നീക്കിക്കളയാതിരുന്നതുകൊണ്ട് "കനാന്യർക്കു ആ ദേശത്തു തന്നേ പാർപ്പാനുള്ള താത്പര്യം സാധിച്ചു'' (ന്യായാ. 1:27) ആദ്യഭാഗങ്ങളിൽ കനാന്യർ യിസ്രായേൽ മക്കളുടെ ഇടയിൽ പാർത്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ പിന്നീട് യിസ്രായേൽ മക്കൾ കനാന്യരുടെ ഇടയിൽ പാർത്തു എന്നാണ് നാം വായിക്കുന്നത്. (ന്യായാ. 1:32,33) അന്നു അവരെ നീക്കിക്കളയാതിരുന്നതുകൊണ്ട് ഇന്നും യിസ്രായേൽ അവർ നിമിത്തം വേദനപ്പെടുന്നവരായിരിക്കുന്നു.

യിസ്രായേൽ ഗൃഹത്തെ നിന്ദിച്ചവരായി അവരുടെ ചുറ്റുമുള്ള എല്ലാവരിൽ നിന്നും കുത്തുന്ന പറക്കാരെയും നോവിക്കുന്ന മുള്ളും ഇനി അവർക്കുണ്ടാകയില്ലെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിലും, (യെശ.28:24) ദൈവം തന്റെ കരുണയാൽ നല്കിയ ഈ വാഗ്ദത്തം നിവൃത്തിയാകുന്നതുവരെ അനുഭവിക്കുന്ന സകല കഷ്ടതകളുടെയും ദുരിതങ്ങളുടെയും മുഴുവൻ ഉത്തരവാദിത്വവും അവരുടേതുമാത്രമാണ്. ദൈവം നല്കിയിട്ടുള്ള ഓരോ

കല്പനകളുടെയും പിന്നിൽ ഒരു വാഗ്ദാനവും ഒപ്പം ഒരു ന്യായവിധിയും മറഞ്ഞിരിക്കുന്നുണ്ട്. അനുസരിക്കുമ്പോൾ വാഗ്ദാനപ്രകാരമുള്ള അനുഗ്രഹവും, ധിക്കരിക്കയോ ഭാഗികമായി മാത്രം അനുസരിക്കുകയോ ചെയ്യുമ്പോൾ ശിക്ഷാവിധിയും സ്വാഭാവികമായി തന്നെ നമ്മുടെ ജീവിതത്തിലേക്കു എത്തിച്ചേരുന്നു.

ജീവിതത്തിൽ കുത്തുന്ന പറക്കാരയും നോവിക്കുന്ന മുള്ളും നാം തന്നെയാണ് നട്ടുവളർത്തുന്നത്. യിസ്രായേൽമക്കൾ കനാന്യരെ കൂടെ പാർപ്പിച്ചപ്പോൾ അണലിമുട്ടയ്ക്കാണ് തങ്ങൾ അടയിരിക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നില്ല. എന്നാൽ അതു അറിഞ്ഞിരുന്നതിനാലാണ് ദൈവം അവരെ നീക്കികളയുവാൻ തന്റെ ജനത്തോട് ആവശ്യപ്പെട്ടത്.

“തന്റെ കാര്യങ്ങളിൽ ഒന്നിനും അവൻ കാരണം പറയുന്നില്ലല്ലോ” എന്നു (ഇയ്യോ. 33:13) ദൈവത്തെക്കുറിച്ച് നാം വായിക്കുന്നുണ്ടെങ്കിലും ഇവിടെ കനാന്യരെ നീക്കിക്കളയണമെന്നു കല്പിച്ചപ്പോൾ ‘അവർ നിങ്ങളെ ഉപദ്രവിക്കും’ എന്നു കാര്യകാരണസഹിതമാണ് യിസ്രായേൽമക്കൾക്കു മുന്നറിയിപ്പു നല്കിയത്. എന്നിട്ടും അവർ ആ കല്പനയെ അവഗണിച്ചു!

നമുക്കും നല്കപ്പെട്ടിട്ടുള്ള ഓരോ കല്പനയ്ക്കും പിന്നിൽ വ്യക്തമായ കാരണങ്ങളും മുന്നറിയിപ്പുകളും ഉണ്ടെന്നുള്ളത് വിസ്മരിച്ചുകൂടാ. കല്പന വലുതായാലും ചെറുതായാലും അനുസരിക്കുന്നതിൽ കവിഞ്ഞ് നമുക്കു ഒന്നും ചെയ്യാനില്ല. കാര്യകാരണങ്ങളൊന്നും നമ്മെ അറിയിച്ചിട്ടില്ലെന്നു ള്ളതും അനുസരിക്കാതിരിക്കുന്നതിനുള്ള ഒഴികഴിവല്ല. അവൻ എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുക ...... അതു മാത്രം ചെയ്യുക.... അത്രമാത്രം!

*****************


## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക. http://www.gncs.org/ministries_publications.htm/ ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# കൗമാരം

**ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ**

ഒരു വ്യക്തിയുടെ ശാരീരികവും, മാനസികവും, ബുദ്ധിപരവുമായ വളർച്ചയിലെ നിർണായകഘട്ടമാണ് കൗമാരം. ജീവിതത്തിന് ഇല്ലാത്ത വർണ്ണങ്ങൾ ഉണ്ടെന്ന് തോന്നുന്ന പ്രായമാണിത്. ചിരിയും കലഹവും കണ്ണീരും വാശിയും, കോപവുമെല്ലാം കൂടെക്കൂടെ ഒളിച്ചുകളി നടത്തുന്ന ഈ പ്രായത്തിൽ മാതാപിതാക്കളോടും അദ്ധ്യാപകരോടും സഭാപരിപാലകരോടുമൊക്കെ അവന് കടുത്ത എതിർപ്പ് തോന്നിയേക്കാം. ചിലപ്പോൾ ഇവരോടൊക്കെ വിനീതമായി ഇടപെട്ടെന്നും വരാം. ഒരു പളുങ്കുപാത്രം പോലെയാണ് കൗമാരക്കാർ. പുറമെ കാണുവാൻ മനോഹരമാണ്. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ താഴെവീണ് പൊട്ടിച്ചിതറും.

കൗമാരക്കാരുടെ ശാരീരിക മാനസിക സവിശേഷതകൾ, മാതാപിതാക്കൾ കൗമാരക്കാരോട് ഇടപെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. കൗമാരക്കാരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്നിവ സംക്ഷിപ്തമായി ഈ അദ്ധ്യായത്തിൽ നമുക്ക് പഠിക്കാം.

## കൗമാരത്തിന്റെ സവിശേഷതകൾ

ബാല്യത്തിനും യൗവനത്തിനുമിടയിലുള്ള കാലഘട്ടമാണല്ലോ കൗമാരം. പന്ത്രണ്ടുവയസ്സുമുതൽ പത്തൊൻപത് വയസ്സുവരെയെന്ന് പൊതുവെ കണക്കാക്കാം. ഇവരുടെ സവിശേഷതകൾ ചിലത് താഴെക്കൊടുത്തിരിക്കുന്നു.

### 1. പെട്ടെന്നുള്ള വളർച്ച

വളരെ ധ്രുതഗതിയിൽ ശാരീരിക വളർച്ച നേടുന്ന പ്രായമാണിത്. പെട്ടെന്നുള്ള ഈ വളർച്ചയിൽ ചിലകുട്ടികൾക്ക് അങ്കലാപ്പുണ്ടാകാം. ഇതുവരെയും പ്രവർത്തിച്ചിട്ടില്ലാത്ത ലൈംഗിക ഹോർമോണുകൾ പ്രവർത്തിച്ചു തുടങ്ങുന്നത് ഈ പ്രായത്തിലാണ്. തങ്ങളുടെ ശാരീരിക പ്രത്യേകതകളെക്കുറിച്ച് ഇവർ അധികമായി ചിന്തിക്കുന്നു. തങ്ങളുടെ വണ്ണം, പൊക്കം, നിറം, പല്ലിന്റെ സ്ഥാനം, എന്തിന് ഒരു മറുകിനുപോലും അമിതപ്രാധാന്യം നല്കിയെന്നിരിക്കും. പല്ല് പൊങ്ങിയിരിക്കുന്നു എന്നോർത്ത് വിഷമിച്ച്, നിരാശപ്പെട്ട്, ജീവിതത്തിൽ അന്തർമുഖരായിത്തീരുന്നവർ പോലുമുണ്ട്.

ശൈശവ പ്രായത്തിൽ ആരംഭിക്കുന്ന വ്യക്തിത്വ രൂപീകരണ പ്രക്രിയ ഏതാണ്ട് ഉറയ്ക്കുന്നത് കൗമാരത്തിലാണ്. ശാരീരികവും മാനസികവുമായ വളർച്ചയ്ക്കനുസരിച്ച് ബുദ്ധിപരമായ വളർച്ചയുണ്ടാകാത്തതും ഈ പ്രായക്കാരുടെ ഒരു സവിശേഷതയാണ്. കൗമാരത്തിന്റെ അവസാനഘട്ടത്തിൽ തന്റെ അച്ഛന്റെയോ അമ്മയുടെയോ ഒപ്പം ശാരീരിക വളർച്ച നേടിയെന്നിരിക്കും. പക്ഷേ, അറിവിന്റെയും ജീവിതാനുഭവത്തിന്റെയും കാര്യത്തിൽ വളരെ പുറകിലുമായിരിക്കും.

**2. മാതാപിതാക്കളോടുള്ള അകൽച്ച**

തങ്ങൾ സ്വയംപര്യാപ്തമായി എന്ന് കൗമാരക്കാർക്ക് തോന്നുന്ന ഒരു പ്രായമാണിത്. സ്വാഭാവികമായും അതുവരെ അച്ഛന്റെയും അമ്മയുടെയും കൂടെ ഒട്ടിനിന്നിരുന്നവർ അവരുമായി അകലം പാലിക്കും. മാതാപിതാക്കളോട് ഉള്ളുതുറന്ന് സംസാരിക്കുവാൻ മടി കാണിക്കും. ബാല്യത്തിൽ സംസാരിച്ചിരുന്നതിന്റെ വളരെ കുറച്ചുമാത്രമെ മാതാപിതാക്കളോടു സംസാരിക്കുകയുള്ളൂ. ഒറ്റവാക്കിൽ ഉത്തരം പറയുന്ന രീതി മാതാപിതാക്കളുമായി സംഘർഷമുണ്ടാക്കും. കൗമാരക്കാർക്ക് മാതാപിതാക്കളുമായി നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമില്ലെങ്കിൽ കൗമാരക്കാരന്റെ വ്യക്തിത്വവളർച്ച ഗുണകരമായ രീതിയിലായിരിക്കില്ല.

**3. എടുത്തുചാട്ടക്കാരൻ**

കൗമാരം എടുത്തുചാട്ടത്തിന്റെ കാലഘട്ടമാണ്. കേരളത്തിലെ പ്രസിദ്ധമായൊരു വെള്ളച്ചാട്ടത്തിനരികെ ഒരു മുന്നറിയിപ്പ് ബോർഡ് വച്ചിട്ടുണ്ട്. ഇത്രപേർ ഇവിടെ മരിച്ചു. അതുകൊണ്ട് സൂക്ഷിക്കുക എന്ന്. എന്നാൽ ഇതൊക്കെ ഞങ്ങൾ എത്ര കണ്ടിരിക്കുന്നു എന്നതാണ് അവിടെയെത്തുന്ന ഓരോ കൗമാരക്കാരനും ചിന്തിക്കുന്നത്. അപകടത്തിൽപെട്ട് തനിക്ക് പറ്റിയ അബദ്ധം മനസ്സിലാക്കുമ്പോഴേക്ക് മരണത്തിന്റെ കയങ്ങളിലേക്ക് എത്തിയിട്ടുണ്ടാവും. കൗമാരക്കാരുടെ ഈ എടുത്തുചാട്ട സ്വഭാവമാണ് ഭീകരന്മാർ ചൂഷണം ചെയ്യുന്നത്. തമിഴ്പുലികളും പാക്കിസ്ഥാൻ ഭീകരരും എല്ലാം കൗമാരക്കാരുടെ ഈ ദൂരക്കാഴ്ചയില്ലായ്മയെയാണ് മുതലെടുക്കുന്നത്. പണ്ട് കോളേജുകളിൽ സമരവും അടിപിടിയുമൊക്കെ ഉണ്ടാക്കിയിരുന്നവർ പ്രധാനമായും കൗമാരക്കാരാണ്. ഹയർസെക്കന്ററി കോഴ്സ് സ്ക്കൂളിലേക്ക് മാറിയതോടുകൂടി കോളേജ് ക്യാമ്പസുകൾ ഏറെക്കുറെ ശാന്തമായി മാറി.

**4. സമപ്രായക്കാരുടെ സ്വാധീനം**

വ്യക്തിത്വത്തെ സമപ്രായക്കാർ ഇത്രയധികം സ്വാധീനിക്കുന്ന ഒരു കാലഘട്ടം വേറെയില്ല. പക്വതയുള്ള മാതാപിതാക്കളോ അറിവുള്ള അദ്ധ്യാപകരോ പറയുന്നതിനേക്കാൾ സമപ്രായക്കാരുടെ ഉപദേശത്തിന് പ്രാധാന്യം നല്കിയെന്നിരിക്കും. സ്വാഭാവികമായും കൗമാരക്കാരനെ ഇത് പല അപകടങ്ങളിലും കൊണ്ടുചെന്നെത്തിക്കും. പ്രേമബന്ധങ്ങളിൽ കുടുങ്ങുന്നതും, ആദ്യമായി മദ്യം രുചിക്കുന്നതും മയക്കുമരുന്ന് കഴിച്ചു തുടങ്ങുന്നതുമൊക്കെ പ്രിയപ്പെട്ട കൂട്ടുകാരന്റെ പ്രേരണയിലായിരിക്കാം. സർവ്വജ്ഞാനിയായ കൂട്ടുകാരന്റെ ഉപദേശത്തിനുമുന്നിൽ വക്കീലായ അച്ഛന്റെ വാക്കുകളും ഹെഡ്മിസ്ട്രസ്സായ അമ്മയുടെ ഉപദേശത്തിനുമൊക്കെ പുല്ലുവിലയായിരിക്കും. ഒരു കൗൺസലിങ്ങ് ക്ലാസ്സിനുശേഷം ഒരു കൂട്ടം ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ ചോദിച്ച സംശയം കേട്ടോളൂ. പ്രേമിക്കുന്നതുകൊണ്ടല്ലേ മുഖക്കുരു ഉണ്ടാകുന്നത്? കൂട്ടുകാർ ഇങ്ങനെ പറയുന്നു. ശരിയാണോ? കൗമാര ഗുരുവിന്റെ സ്വാധീനം ഭയങ്കരം തന്നെ.

**5. എതിർപ്പിന്റെ ആശാൻ**

ശൈശവത്തിൽ എന്ത് എന്നും ബാല്യത്തിൽ എന്തുകൊണ്ട് എന്നും ചോദിക്കുന്ന കുട്ടി കൗമാരത്തിൽ എന്തുകൊണ്ട് പറ്റില്ല എന്ന് ചോദിക്കുന്നു.

ഇങ്ങോട്ട് വിളിച്ചാൽ അങ്ങോട്ട് പോകുന്ന പ്രായമാണിത്. വ്യവസ്ഥാപിതമായ തെന്തിനെയും എതിർക്കുകയെന്നത് അവന്റെ സ്വഭാവമാണ്. കൗമാരക്കാരെ ഉപദേശിച്ച് നന്നാക്കാമെന്ന് കരുതരുത്. മാതൃക കാണിച്ചു കൊടുക്കുകയാണ് വേണ്ടത്. കർക്കശക്കാരായ ഹെഡ്മാസ്റ്ററെ കൗമാരക്കാരൻ എതിർക്കുന്നു. അവരുടെ പ്രായത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന അദ്ധ്യാപകനെയും പാസ്റ്ററെയും അവൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. പഴഞ്ചൻ സാമൂഹ്യ വ്യവസ്ഥിതിയോടുള്ള അവന്റെ എതിർപ്പ് പലരീതിയിലാണ് പുറത്തു വരുന്നത്. ഇപ്പോഴത്തെ ഫാഷനിതാണെന്നും പറഞ്ഞ് അവർ ഇറക്കുന്ന വേഷങ്ങളും മറ്റും ഈ എതിർപ്പിന്റെ അടയാളങ്ങളാണ്. ആൺകുട്ടികൾ തലമുടി വട്ടത്തിൽ വടിച്ചു മാറ്റുന്നതും ബ്ലൗസ്പോലുള്ള ഇറക്കം കുറഞ്ഞ ഷർട്ടിടുന്നതും കണ്ടിട്ടില്ലേ? അതുപോലെ പെൺകുട്ടികൾ ഹൈഹീൽഡ് ചെരുപ്പിട്ട് സമൂഹത്തെ ചവിട്ടിപ്പേടിപ്പിച്ച് നടക്കുന്നതും ഒരുതരം എതിർപ്പ് തന്നെ. ഈ എതിർപ്പ് അടിച്ചൊതുക്കാമെന്ന് ഇന്ത്യൻ സൈന്യം വിചാരിച്ചാൽ പോലും നടക്കാത്ത കാര്യമാണ്.

**6. മാറ്റിവരക്കുന്ന പ്ലാനുകൾ**

കൗമാരക്കാരന്റെ ഒരു സവിശേഷത അവനു സ്ഥിരമായ ഒരു പ്ലാൻ ഇല്ല എന്നതാണ്. ജീവിതത്തെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാടുകൾ മാറിക്കൊണ്ടേയിരിക്കും. ചിലപ്പോൾ വലിയ ആദർശവാദിയായി പെരുമാറും. മറ്റു ചിലപ്പോൾ പ്രതികാരചിന്തയ്ക്കു അടിപ്പെട്ടുപോകും. ഒന്നിലും ഉറച്ചുനില്ക്കാൻ പറ്റാത്ത ചഞ്ചലമനസ്സ് കൗമാരക്കാരുടെ ജീവിതത്തിൽ അനിശ്ചിതാവസ്ഥ സൃഷ്ടിക്കും.

**7. വിമർശനങ്ങളോടുള്ള പ്രതികരണം**

കൗമാരപ്രായത്തിൽ വിമർശനങ്ങളെ അതിജീവിക്കുവാനുള്ള കഴിവ് പൊതുവെ കുറവാണ്. ചെറിയ വിമർശനങ്ങളെപ്പോലും സഹിക്കാൻ കഴിയാത്തവരുണ്ട്. പത്തിൽ എട്ടുമാർക്ക് വാങ്ങിവരുന്ന കുട്ടിയോട് ബാക്കി രണ്ട് മാർക്കെവിടെപ്പോയി എന്ന് അച്ഛനോ അമ്മയോ ചോദിച്ചാൽ മകന്റെ ഹൃദയത്തിൽ ആഴമായ മുറിവുകൾ സൃഷ്ടിക്കും. ആത്മഹത്യാപ്രവണത ഈ പ്രായത്തിൽ പൊതുവെ കൂടുതലാണ്. മറ്റുള്ളവരുടെ മുമ്പിൽ വച്ച് കൗമാരക്കാരനെ ഇടിച്ചു താഴ്ത്തി സംസാരിച്ചാൽ അവനു അത് ക്ഷമിക്കുവാൻ പറ്റില്ല.

**8. മാധ്യമങ്ങളുടെ സ്വാധീനം**

ടെലിവിഷൻ, സിനിമ തുടങ്ങിയ മാധ്യമങ്ങൾ ഇത്രയധികം സ്വാധീനിക്കുന്ന ഒരു കാലഘട്ടം വേറെയില്ല. ഒരു വിദഗ്ധനായ ഡോക്ടർ പറയുന്നതിനേക്കാളും, മാതാപിതാക്കൾ പറയുന്നതിനേക്കാളും പ്രാധാന്യമാണ് മാധ്യമങ്ങൾക്ക് കുട്ടികൾ നല്കുന്നത്. ഉദാഹരണത്തിന് സൗന്ദര്യവർദ്ധനവിനുള്ള വസ്തുക്കളുടെ പരസ്യങ്ങൾ കണ്ട് കണ്ട് പെൺകുട്ടികൾ അവ സത്യമാണെന്ന് കരുതി വാങ്ങി ഉപയോഗിക്കുന്നു. പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നവർ നല്ല സൗന്ദര്യമുള്ളവരായിരിക്കും. (കനത്ത മേക്കപ്പാണ് പലരെയും ഇങ്ങനെയാക്കുന്നത് എന്നത് യുവജനങ്ങൾ മറക്കുന്നു.) ഇത് സൂക്ഷ്മമായി

നിരീക്ഷിക്കുന്ന കുട്ടികളുടെ മനസ്സിൽ സൗന്ദര്യമില്ലെങ്കിൽ ജീവിതം തന്നെ പോക്കായിയെന്ന ചിന്ത ഉടലെടുക്കുന്നു.

അക്രമവും ഭീകരതയുമൊക്കെ സിനിമകളിൽ കൂടെകൂടെ കാണുന്ന കുട്ടികളിൽ വികലമായ വ്യക്തിത്വം രൂപപ്പെടുവാൻ ഇടയാക്കും. ഭീകരനായ ഗുണ്ടയെപ്പോലും ആരാധനാപാത്രമാക്കുവാൻ ഇത് ഇടയാക്കും. നന്മ ചെയ്യുന്ന കഥാപാത്രങ്ങളേക്കാൾ തിന്മ ചെയ്യുന്ന കഥാപാത്രങ്ങളായിരിക്കും കുട്ടികളുടെ മനസ്സിൽ പലപ്പോഴും തങ്ങിനില്ക്കുക. മൊബൈൽ ഫോണും കമ്പ്യൂട്ടറുമൊക്കെ കൗമാരക്കാരന്റെ മേൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ഇവയ്ക്കൊക്കെ ചില നല്ലവശങ്ങളുണ്ടെങ്കിലും മാതാപിതാക്കളും അദ്ധ്യാപകരും ഭയക്കുന്നത് ഇവയുടെ നെഗറ്റീവ് വശങ്ങളെയാണ്. മദ്യപാനം ആരംഭിക്കുന്നതും പ്രണയത്തിൽ കുരുങ്ങുന്നതും ഭീകരപ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതും ആത്മഹത്യയിൽ അഭയം തേടുന്നതുമൊക്കെ മാധ്യമ സ്വാധീനത്തിന്റെ നെഗറ്റീവ് വശങ്ങളാണ്.

(അടുത്ത ലക്കത്തിൽ തുടരും)


## സി.ഡികൾ വില്പനയ്ക്ക്

ഗുഡ്ന്യൂസ് മിനിസ്ട്രീസ് ഓഡിയോ വിഭാഗത്തിന്റെ ഏഴാമത്തെ ഗാനോപഹാരമായ എന്റെ ക്രിസ്തീയ ജീവിതം, എട്ടാമത്തെ സി.ഡിയായ കാലം തികഞ്ഞു എന്നിവ വില്പനയ്ക്കു തയ്യാർ. ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സ്ഥാപകരിൽ ഒരാളും മുൻഡയറക്ടറുമായ ശ്രീമതി അന്നമ്മ സി. ജോൺ രചിച്ച ഗാനങ്ങൾക്കു ശ്രീ. ആർ. നോബിളാണ് സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്നത്. രക്ഷിക്കപ്പെട്ടവരാണ് പാട്ടുകൾ പാടിയിരിക്കുന്നത്. രണ്ടു സി.ഡി.യുടെ വില രൂപാ 100 മാത്രം.

സി.ഡികൾ ആവശ്യമുള്ളവർ രൂപാ 100 മണി ഓർഡർ സഹിതം താഴെയുള്ള വിലാസത്തിൽ എഴുതുക. നിങ്ങളുടെ സഹകരണത്തിനു കൃതജ്ഞത.

The Director,
Good News Ministries,
Akkulam Road,
Trivandrum 695031

(കൊരിയറിൽ അയയ്ക്കുന്നതിനു പൂർണ്ണ വിലാസവും ടെലഫോൺ നമ്പരും എഴുതിയിരിക്കണം.)

# വില വർദ്ധന

ബ്രദർ. പി.വി.സന്തോഷ്, വയനാട്

പാൽ വില കൂട്ടി
കാലിത്തീറ്റ വില വർദ്ധിപ്പിച്ചു
ബസ്സ്, ഓട്ടോ, ടാക്സി ചാർജ് കൂട്ടി
വൈദ്യുതി ചാർജ് കൂട്ടി
ചരക്ക് കൂലി കൂട്ടി
കേബിൾ ചാർജ് കൂട്ടി
ഗ്യാസ് സിലിണ്ടർ വില കൂട്ടി
ന്യൂസ് പേപ്പർ വില കൂട്ടി
ഡീസൽ വില കൂട്ടി
മദ്യത്തിന് വില കൂട്ടി
സിമന്റ്, കമ്പി വില വർദ്ധിപ്പിച്ചു
ട്രെയിൻ എ.സി. ചാർജ് കൂട്ടി
സ്വർണ്ണ വില കൂടുന്നു
പച്ചക്കറി വില കുതിച്ച് ഉയരുന്നു
ജീവൻരക്ഷ മരുന്നിന് വില കൂട്ടി
നിത്യ ഉപയോഗ സാധനത്തിന് എല്ലാം വില കൂട്ടി

ഈ പട്ടിക ഇങ്ങനെ നീളുന്നു. എന്നാൽ വീണ്ടെടുപ്പിന്റെ വില വിലയേറിയത് എന്നു സ്നേഹിതാ.... നിനക്കു തോന്നിയിട്ട് ഉണ്ടോ? കർത്തൃവേലയ്ക്കും, ശുശ്രൂഷകൾക്കും, കർത്തൃദാസന്മാർക്കും, സ്തോത്ര കാഴ്ചയും ഇടുന്നത് നീ കൂട്ടിയിട്ട് ഉണ്ടോ? സകല സാധനങ്ങളും കടക്കാർ പറയുന്ന കാശിന് നാം വാങ്ങുമ്പോൾ സ്തോത്രകാഴ്ച മാത്രം ചെറിയ ഒരു തുക വർഷങ്ങളായി ഇടുന്നുവോ? സ്തോത്രകാഴ്ചയുടെ വിലയും വർദ്ധിപ്പിക്കുക. വിലയുള്ള ഒരു ക്രിസ്തീയ ജീവിതം നയിക്കാം.


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ഇനി മുതൽ ലോകത്തിന്റെ ഏതുഭാഗത്തുമുള്ള മലയാളിക്കും ഇന്റർനെറ്റുവഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കും. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# “നരിയാണി നരിയാണി”

**അന്നമ്മ സി. ജോൺ, തിരുവനന്തപുരം**

അമേരിക്കയിൽ ആണ്ടുതോറും നടത്തിവരുന്ന പ്രസിദ്ധമായ ഒരു കോൺഫ്രൻസിൽ എനിക്കു ചില വർഷങ്ങൾക്കു മുമ്പ് പങ്കുകൊള്ളുന്നതിനിടയായി. പ്രമാണിയായ ഒരു പാസ്റ്റർ അദ്ദേഹത്തിന്റെ ഒരനുഭവം പ്രസംഗമദ്ധ്യേ പ്രസ്താവിച്ചത് ഓർക്കുന്നു. അദ്ദേഹം ചില ആഴ്ചകളായി അന്യഭാഷ സംസാരിക്കുമ്പോൾ ‘നരിയാണി നരിയാണി’ എന്ന് ഉരുവിട്ടിരുന്നു. എന്നാൽ അതിന്റെ അർത്ഥം മനസ്സിലാകാതെ ഇരുന്ന അവസരത്തിൽ ഒരു ഭാര്യയും ഭർത്താവും കൂടി അദ്ദേഹത്തെ സന്ദർശിക്കുവാൻ ചെന്നു. കുറേനാളായി തന്റെ ഭാര്യയ്ക്കു സുഖമില്ലെന്നും പല ഡോക്ടറന്മാരെ കാണിച്ചിട്ടും ആർക്കും രോഗം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഭർത്താവു പറഞ്ഞു. പാസ്റ്റർ ഒരു വലിയ വെള്ള ഷീറ്റു കൊടുത്തിട്ട് അതിലേക്കു ഛർദ്ദിക്കുവാൻ ആ സ്ത്രീയോടു ആവശ്യപ്പെട്ടു. ഛർദ്ദിൽ പരിശോധിച്ചശേഷം ആ സ്ത്രീക്ക് ആരോ കൈവിഷം കൊടുത്തതാണെന്ന് പാസ്റ്റർ പ്രഖ്യാപിച്ചു. സ്ത്രീയുടെ ഭർത്താവിന്റെ പേരു ചോദിച്ചപ്പോൾ ‘നാരായണൻ’ എന്ന് അദ്ദേഹം പറഞ്ഞു. അപ്പോഴാണ് താൻ അന്യഭാഷ പറയുമ്പോൾ ‘നരിയാണി നരിയാണി’ എന്നു പറഞ്ഞിരുന്നതിന്റെ രഹസ്യം പാസ്റ്റർക്കു വെളിപ്പെട്ടത്. നാരാണയനായിരുന്നു ദൈവത്തിന്റെ നരിയാണി.

എന്റെ പ്രശ്നം ഇതാണ്. ദൈവത്തിനു പേരു തെറ്റിപ്പോയാൽ ജീവപുസ്തകത്തിലെഴുതിയിരിക്കുന്ന പേരുകൾ വിളിക്കുമ്പോൾ ആളു മാറിപ്പോകയില്ലേ. ഏലിയാമ്മയ്ക്ക് ഏലിയെന്നോ, അന്നമ്മയ്ക്ക് ആനിയെന്നോ പൗലോസിനു പുളുമാസെന്നോ ഒക്കെയാണു പേരെഴുതി വച്ചിരിക്കുന്നതെങ്കിൽ നമ്മുടെ പേരു വിളിക്കുമ്പോൾ മറ്റു വല്ലവരുമൊക്കെയായിരിക്കും ‘പ്രസന്റ് സാർ’ എന്നു പറയുന്നത്. ഒന്ന് ആശ്വാസിക്കാം. തെറ്റു പറ്റാൻ ദൈവം മനുഷ്യനല്ലല്ലോ. വെളിപ്പാടിന്റെ ആധിക്യത്താൽ ജനം മര്യാദ വിട്ടു നടക്കുന്നു.

അതേ കോൺഫ്രൻസിലെ അടുത്ത പ്രസംഗകൻ തമിഴകത്തുനിന്നും വന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മരിച്ച മാതാവിനെ താൻ ഉയിർപ്പിച്ച സംഭവകഥയായിരുന്നു പ്രസംഗത്തിലെ പ്രസക്തഭാഗം. തന്റെ വൃദ്ധമാതാവു മരിച്ചശേഷം ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. എന്നാൽ നമ്മുടെ പാസ്റ്റർ ആകട്ടെ, മുറിയിൽ കയറി പ്രാർത്ഥിക്കുവാൻ തുടങ്ങി. ചുരുക്കത്തിൽ, അദ്ദേഹത്തിന്റെ മാതാവ് ഉയിർത്തെഴുന്നേറ്റ് ആറുമാസം കൂടി പിന്നീടു ജീവിച്ചിരുന്നു എന്ന് അദ്ദേഹം അവകാശപ്പെട്ടു. വേറെ ആരെയും താൻ അന്നുവരെ ഉയിർപ്പിച്ചതായി അദ്ദേഹം ഏതായാലും അവകാശപ്പെട്ടില്ല. വേറെ ചിലർ ആദിവാസികളുടെയും ഗിരിവർഗ്ഗക്കാരുടെയും ഇടയിൽ മരിച്ചവരെ ഉയിർപ്പിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നു. എബ്രായർ 9:27–ൽ എബ്രായലേഖനകാരൻ പറയുന്നത് ‘ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും’ എന്നാണെന്നിരിക്കെ മരിച്ചവരെ ഉയിർപ്പിക്കുന്നു എന്ന് അവകാശപ്പെടുന്നവർ എന്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം അവകാശവാദങ്ങൾ മുഴക്കുന്നത് എന്നു ചിന്തിച്ചു പോകുന്നു. മരണത്തിന്മേലും അധികാരമുള്ളവർ ഒരുവൻ മാത്രം. മരണത്തെയും പാതാളത്തെയും ജയിച്ച് ജയഭേരി

യോടെ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന കർത്താവായ യേശുക്രിസ്തു മാത്രം. മറ്റേതെല്ലാം വ്യാജന്മാർ. കള്ളനോട്ടുപോലെ വ്യാജന്മാർ ഇന്നു സുലഭം. നല്ല നോട്ടും കള്ളനോട്ടും തമ്മിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. തമിഴകത്തെ സഹോദരന്റെ മാതാവ് വല്ല 'കോമാ'യിലും ആയിരുന്നിരിക്കാം.

വിശ്വാസികൾ മരിച്ചാൽ അപ്പോൾത്തന്നെ ഉയിർക്കണമെന്നാണു ദൈവിക വ്യവസ്ഥയെങ്കിൽ ഉയിർക്കാൻ സർവഥാ യോഗ്യതയുള്ളവർ രക്ത സാക്ഷികളായി മരിച്ച ക്രിസ്തുശിഷ്യന്മാർ തന്നെ. യേശുക്രിസ്തുവിന്റെ സ്വന്തസഹോദരന്മാരുൾപ്പെടെ അവരിൽ ആരെയും യേശുകർത്താവോ അപ്പൊസ്തലന്മാരോ ഉയിർപ്പിച്ചതായി ഒരു രേഖയും ഇല്ല. ആ സ്ഥിതിക്ക് മരിച്ചവരെ കർത്താവിന്റെ സമയത്തിനുമുമ്പേ പാസ്റ്ററന്മാർ നടന്ന് ഉയിർപ്പിക്കു ന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. പേരിനും പ്രശസ്തിക്കുംവേണ്ടി എന്തു വ്യാജമാർഗ്ഗവും സ്വീകരിക്കുന്നത് ഭൂഷണമല്ല.

ഇനി, 'ദൈവത്തിന്റെ സ്വന്തനാട്ടിൽ' നേരിൽ കേട്ട മറ്റൊരു സംഭവം കൂടി എഴുതട്ടെ. ഒരു വിവാഹമാണു രംഗം. അതിലേക്കു പേരുള്ള പ്രസംഗകരെയാണു നാം സാധാരണ ക്ഷണിക്കുന്നത്. അവിടെ പ്രസംഗിച്ച ഒരു പ്രസംഗകനു പ്രാർത്ഥനാവരമുണ്ടെന്നു സ്വയം അഭിമാനിക്കുന്നു. പ്രസംഗമദ്ധ്യേ താൻ തന്നെ അഭിമാനപൂർവം പറഞ്ഞ സംഭവമാണിത്. ഏതോ ഒരു കുടുംബത്തിലെ സഹോദരിക്കു സുഖമില്ലാതായതുകൊണ്ട് വരമുള്ള ഈ പാസ്റ്ററെ പ്രാർത്ഥനയ്ക്കായി ക്ഷണിച്ചു. അദ്ദേഹം ഉപവാസത്തോടെ അഞ്ചു ദിവസം ആ ഭവനത്തിൽ പ്രാർത്ഥന നടത്തിയിട്ടും സഹോദരിയുടെ രോഗത്തിന് ഒരു ശമനവും ഉണ്ടായില്ല. പരാജിതനായി സ്വഭവനത്തിലേക്കു മടങ്ങാൻ ബസ്സ്റ്റോപ്പിലെത്തിയ പാസ്റ്റർക്കു ഒരു ചിന്ത ഹൃദയത്തിലൂടെ കടന്നുപോയി. താൻ അഞ്ചുദിവസം പ്രാർത്ഥിച്ച ആ ഭവനത്തിലെ ദമ്പതികൾക്കു രണ്ടു ചെറിയ മക്കളുണ്ട്. അവർക്കു വല്ല മിഠായിയോ വല്ലതും സമ്മാനിച്ചാൽ ആ വീട്ടിലെ രഹസ്യങ്ങളൊക്കെ കുഞ്ഞുങ്ങൾ അദ്ദേഹത്തോടു പറയുമെന്നു കരുതി കുറേ മിഠായിയും വാങ്ങി അദ്ദേഹം മടങ്ങിച്ചെന്നു. കുട്ടികൾക്കു മധുരം കൊടുത്ത് അപ്പൻ അമ്മയെ ചൂലുകൊണ്ട് തല്ലാറുണ്ട് എന്നു തുടങ്ങി മാതാപിതാക്കൾ തമ്മിലുണ്ടാകാറുള്ള വഴക്കുകളുടെ വിശദവിവരങ്ങൾ മനസ്സിലാക്കി വീണ്ടും പ്രാർത്ഥന തുടങ്ങി. പ്രാർത്ഥനാ മദ്ധ്യേ ദർശനമുണ്ടായ മട്ടിൽ പാസ്റ്റർ 'ചൂൽ ചൂൽ' എന്നു വിളിച്ചു പറഞ്ഞു. ദൈവദാസനു ദൈവം ഭർത്താവിന്റെ ചൂൽ പ്രയോഗം വെളിപ്പെടുത്തിക്കൊടുത്തതാണെന്നു കരുതി ഭാര്യ വീട്ടുരഹസ്യങ്ങൾ എല്ലാം പ്രവാചകനോടു പറഞ്ഞു. പ്രവാചകൻ കൂടുതൽ പാരിതോഷിക ങ്ങളുമായി ദൗത്യം ജയിച്ച് അവിടെനിന്നും യാത്രയായി. ഏതായാലും അതോടെ ആ സ്ത്രീയുടെ രോഗം അവളെ വിട്ടുമാറി.

'ഇതാണോ നിങ്ങളുടെ പ്രവചനം: ഇങ്ങനെയാണോ പ്രവാചകന്മാർ വീടുവീടാന്തരം കയറിയിറങ്ങി പ്രവചിക്കുന്നത്' എന്നു വിവാഹത്തിൽ പങ്കെടുത്ത ചില അന്യമതസ്ഥരുടെ ചോദ്യത്തിനു എനിക്കു മറുപടി ഇല്ലാതെ പോയി. കള്ളപ്രവാചകന്മാർ എങ്ങനെയാണു വിവരശേഖരണം നടത്തുന്ന തെന്ന് അപ്രകാരമുള്ള ഒരാളിൽ നിന്ന് നേരിൽ കേട്ടത് അന്നാദ്യമായാണ്. ജീവനുള്ള ദൈവത്തോടാണ് ഈ തീക്കളിയെന്ന് അവർ ഓർക്കാത്തത് ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് എത്ര ഭയങ്കരം എന്ന വേദവാക്യം മറന്നു പോകുന്നതു കൊണ്ടല്ലേ? അഭിനയം മതിയാക്കി വചനാനുസൃതമായി ജീവിക്കുവാൻ ദൈവം സഹായിക്കട്ടെ. ●

# ഏലിയാവിന്റെ കാക്ക

പ്രീത ഡെന്നി, തിരുവനന്തപുരം

ഇസ്രയേൽ രാജാവായിരുന്ന ആഹാബ് ദൈവത്തിനെതിരായി വളരെയധികം ദോഷം പ്രവർത്തിച്ചു. ആ സമയത്ത് പ്രവാചകനായ ഏലിയാവ് രാജാവിന്റെ ദോഷപ്രവൃത്തികൾ കാരണം രാജ്യത്ത് മഞ്ഞോ മഴയോ ഉണ്ടാവുകയില്ല എന്ന് പറഞ്ഞു. രാജാവിന്റെ കോപം ഏലിയാവിനു നേരെ വരുമെന്നതിനാൽ ഏലിയാവിന് യഹോവയുടെ അരുളപ്പാടുണ്ടായി–യോർദ്ദാനു കിഴക്കുള്ള കെരീത്ത് തോട്ടിനരികെ ഒളിച്ചിരുന്ന് തോട്ടിൽനിന്നുള്ള വെള്ളം കുടിക്കണമെന്നും, ഭക്ഷണം കൊണ്ടു വരാനായി കാക്കയോട് കല്പിച്ചിട്ടുണ്ട് എന്നും– ഏലിയാവിനുള്ള ഭക്ഷണമെത്തിക്കുവാൻ ദൈവം നിയോഗിച്ച കാക്ക തന്റെ കർത്തവ്യം ഭംഗിയായി ചെയ്തു. രാവിലെയും വൈകുന്നേരവും അപ്പവും ഇറച്ചിയും കൃത്യമായി എത്തിച്ചു കൊണ്ടിരുന്നു. ദേശത്ത് മഴ പെയ്യാത്തതുകൊണ്ട് തോട് വറ്റിപ്പോകുന്നതുവരെ ഇതു തുടർന്നു. കാക്കകളെ നോക്കിയാൽ നമുക്ക് ഒരു കാര്യം കാണാവുന്നത് എവിടെയെങ്കിലും ഭക്ഷണം കണ്ടെത്തിയാൽ പ്രത്യേകതരത്തിൽ കരഞ്ഞ് തന്റെ കൂട്ടത്തിലുള്ള മറ്റു കാക്കകളെയും വിളിച്ചു വരുത്തും. കിട്ടിയ ഭക്ഷണം കൊത്തി നോക്കിയശേഷമേ കാക്ക അതും കൊണ്ട് പറക്കാറുള്ളൂ. എന്നാൽ ദൈവത്താൽ നിയോഗിക്കപ്പെട്ട ഈ കാക്ക ഏലിയാവിനുള്ള ഭക്ഷണം മറ്റാരുമറിയാതെ എത്തിച്ചു. എന്നാൽ ഇന്ന് ദൈവമക്കൾ എന്നവകാശപ്പെടുന്നവർ പോലും ദൈവഹിതവും ദൈവിക നിയോഗവും തിരിച്ചറിയാതെ പലതും പ്രവർത്തിക്കുന്നതായി കാണാം. രാജാവിന് അനിഷ്ടം വരും എന്നറിഞ്ഞിട്ടും ദോഷം പ്രവർത്തിച്ചുകൊണ്ടിരുന്ന രാജാവിനോട് യഹോവയുടെ കോപത്തെക്കുറിച്ച് അറിയിക്കുവാൻ പ്രവാചകന് ധൈര്യം കിട്ടി. തന്റെ സ്വന്തം കാര്യം നോക്കാതെ ദൈവവചനം പ്രസ്താവിച്ച പ്രവാചകനെ അപ്പവും ഇറച്ചിയും നല്കി ദൈവം പരിപാലിച്ചു. തോട്ടിലെ വെള്ളം വറ്റിപ്പോയപ്പോൾ സാരഫാത്തിലെ വിധവവഴി ഏലിയാവിനുള്ള ഭക്ഷണം ദൈവം നല്കി. എന്നാൽ ഇന്ന് സ്വന്തം സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി ദൈവവചനത്തെ വ്യാഖ്യാനിച്ച് കേൾക്കുന്നവർക്ക് ഇമ്പമുണ്ടാകുന്ന വിധത്തിൽ അവരുടെ ആവശ്യങ്ങൾക്കും ഇഷ്ടങ്ങൾക്കും പ്രാധാന്യം കൊടുത്ത് പ്രവചിക്കുന്നതായി നാം കാണുന്നു.

ദൈവത്തെ നോക്കി ദൈവകൃപയ്ക്കൊത്ത വിധം നടക്കുന്ന ആരും ഒരു നാളും ലജ്ജിച്ചു പോകുകയില്ല എന്ന് തിരുവചനത്തിൽ നമുക്ക് കാണാവുന്നതാണ്. ദൈവവചനത്തിനുവേണ്ടി നിലകൊള്ളുന്നവർക്ക് ഇന്നും പല മുഖാന്തരങ്ങളിൽ കൂടി ദൈവം എല്ലാം ഒരുക്കി നല്കുന്നതായി കാണാവുന്നതാണ്. ഇന്ന് നമുക്ക് പറയാവുന്ന പ്രവചനം യേശുക്രിസ്തുവിൽ കൂടി ലഭിക്കുന്ന നിത്യരക്ഷയെക്കുറിച്ചുള്ള സത്യസുവിശേഷമാണ്. 2 കൊരി.4:2 -ൽ പറയുന്നതുപോലെ ഈ സത്യസുവിശേഷം അധൈര്യപ്പെടാതെയും ഉപായങ്ങൾ പ്രയോഗിക്കാതെയും പ്രസ്താവിക്കുവാൻ ഏവരും ശ്രമിക്കുക. സുവിശേഷത്തിനുവേണ്ടി അദ്ധ്വാനിക്കുവാനും ദൈവമക്കളായ നാം അറിഞ്ഞ സത്യങ്ങൾ മറ്റുള്ളവർക്ക് സാക്ഷീകരിക്കുവാനും ദൈവം കൃപ ചെയ്യുമാറാകട്ടെ.

# വേദപുസ്തകം സംസാരിക്കുന്നു

1. ഉന്നതഭാവം കാണിക്കരുത്.
2. എളിയവരോടു കരുണ കാണിക്കുക.
3. ജീവപുസ്തകത്തിൽ പേരു കാണുമോ?
4. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തു യോജ്യത?
5. മൂക്കു ഞെക്കിയാൽ ചോര വരും.
6. കോപം ഇളക്കരുത്; വഴക്കുണ്ടാകും.
7. ന്യായവിധിക്കു സിംഹാസനം ഒരുക്കരുത്.
8. നീതിമാന്റെ വീട്ടിൽ വളരെ നിക്ഷേപം ഉണ്ട്.
9. നീതിമാനെ ഉപദ്രവിക്കരുത്.
10. നീതിക്കു വിശന്നു ദാഹിക്കുക.
11. നീതിക്കുവേണ്ടി ഉപദ്രവം സഹിക്കുക.
12. ഒരു രാജാവു നീതിയോടെ വാഴും.
13. വിളക്കു കത്തിച്ച് തണ്ടിന്മേൽ വയ്ക്കണം.
14. സ്വർഗ്ഗത്തിൽ നിക്ഷേപം സംഗ്രഹിക്കുക.
15. നടപ്പിനെ ക്രമീകരിക്കുക.
16. കാണുന്നതു താത്കാലികം; കാണാത്തതോ നിത്യം.
17. വഴക്കു കൂട്ടുകാരനുമായി പറഞ്ഞു തീർക്കുക.
18. വേലി പൊളിക്കരുത്.
19. കള്ളസാക്ഷികളെ കൂട്ടുപിടിക്കരുത്.
20. വഴക്കു വിലയ്ക്കു വാങ്ങരുത്.
21. നേരോടെ നടക്കുക.
22. മൂത്തവരെ ബഹുമാനിക്കുക.
23. ചത്ത ഈച്ച തൈലക്കാരന്റെ കുഴമ്പു നാറുമാറാക്കുന്നു.
24. എല്ലാറ്റിന്റെയും സാരം കേൾക്കുക: ദൈവത്തെ ഭയപ്പെടുക.
25. ദൈവം ഇല്ലായെന്നു മൂഢൻ പറയുന്നു.
26. വിടുവായനോടു ഇടപെടരുത്.
27. ജയത്തിനു കുതിര വ്യർത്ഥം.
28. എളിയവരുടെ നിലവിളിക്കു ചെവി പൊത്തിക്കളയരുത്.
29. എണ്ണയില്ലാഞ്ഞാൽ വിളക്കു കെട്ടുപോകും.
30. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.

# ചോദ്യോത്തരപംക്തി

സാർ ഞാൻ Good News 10 യൂണിറ്റിന്റെ ഉത്തര പേപ്പർ എഴുതിക്കൊണ്ടിരിക്കുന്നു. ഞാൻ ഇപ്പോൾ ഇത് എഴുതുന്നത് ചില സംശയങ്ങൾ ചോദിക്കാൻ ആണ്.

1. ഇസ്രയേൽ ജനത്തിന്റെ ബാബേൽ പ്രവാസം 490 വർഷം ആയിരുന്നോ? (ദാനിയേൽ 9:2)

2. (വെളിപ്പാട് 20:12) ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് കൂട്ടായ്മ ആചരിക്കുന്ന വിശ്വാസികൾക്ക് ശിക്ഷാവിധിയുണ്ടോ?

3. (യോഹന്നാൻ 21:20 മുതൽ 22 വരെ) വാക്യത്തിൽ കർത്താവേ നിന്നെ കാണിച്ചു കൊടുക്കുന്നവൻ ആർ എന്ന് ചോദിച്ചത് ഇവൻ തന്നെ. കർത്താവേ ഇവനു എന്തു ഭവിക്കും എന്നു യേശുവിനോട് ചോദിച്ചു. യേശു അവനോട്: ഞാൻ വരുവോളം ഇവൻ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്ക് എന്ത്? ഇത് ആരെക്കുറിച്ചു പറയുന്നു യോഹന്നാൻ ആണോ– യൂദായെക്കുറിച്ചാണോ? സാർ ഈ സംശയത്തിന്റെ മറുപടി അയച്ചു തരുക?

എന്ന് ബ്രദർ വിനയൻ
(വിനയകുമാർ.സി.കെ. ചങ്ങനാശ്ശേരി)

Dear Bro. Vinayakumar,

താങ്കളുടെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ഇസ്രയേലിന്റെ ബാബേൽ പ്രവാസം 70 വർഷമെന്നാണല്ലോ ദാനിയേൽ 9:2 ൽ കാണുന്നത്. പിന്നെ 490 വർഷമായിരുന്നുവോ എന്നു ചോദിച്ചത് എന്താണ്? ഞങ്ങളുടെ നോട്സിൽ എവിടെയെങ്കിലും 490 എന്നു വായിച്ചെങ്കിൽ യൂണിറ്റ് നമ്പറും പേജ് നമ്പറും ദയവായി അറിയിക്കുക.

2. വേദപുസ്തകത്തിൽ വിവിധ ന്യായവിധികളെ പരാമർശിച്ചിട്ടുണ്ട്. വെളിപ്പാട് 20–ൽ കാണുന്ന ന്യായവിധി, അഥവാ അന്ത്യന്യായവിധി

ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് കൂട്ടായ്മ ആചരിക്കുന്നവർക്കു ഉള്ളതല്ല. പ്രത്യുത, ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവർക്കും ഉള്ള ന്യായവിധിയാണ് (വെളി. 20:15).

വിശ്വാസികൾ അന്ത്യ ന്യായവിധിയെക്കുറിച്ചു ആകുല ചിത്തരാകേണ്ടതില്ല. രക്ഷിക്കപ്പെടാത്ത സ്വന്തക്കാരെക്കുറിച്ച് തീർച്ച യായും ആകുലപ്പെടുകയും അവരോടു സുവിശേഷ സത്യങ്ങൾ നാം പറയുകയും വേണം. വിശ്വാസിക്കുള്ള ന്യായവിധി ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെയാണ്. അവിടെ നമ്മുടെ പ്രവൃത്തികൾ ശോധന ചെയ്യപ്പെടും. 2 കൊരി. 5:10 നോക്കുക. പൗലൊസ് കൊരി ന്തിലെ വിശ്വാസികൾക്കു എഴുതുന്നതു ശ്രദ്ധിക്കുക: "നാമെല്ലാവരും" ചെയ്ത പ്രവൃത്തിക്കനുസൃതമായി പ്രാപിക്കേണ്ടതിനു ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. നരകത്തി ലേക്കോ സ്വർഗത്തിലേക്കോ എന്ന ചോദ്യം ഇവിടെ ഉദിക്കുന്നില്ല. ക്രിസ്തുവിന്റെ ന്യായാസനം പ്രതിഫലത്തിന്റെ ന്യായാസനമാണ്. അവിടെ നാം ലജ്ജിക്കാനിടയാകാതെ വിശ്വസ്തതയോടെ കർത്താവിന്റെ സാക്ഷ്യം വഹിക്കുക.

3. യോഹന്നാൻ സ്വയം പരിചയപ്പെടുത്തുന്നത് "യേശു സ്നേഹിച്ച ശിഷ്യൻ" എന്നാണ്. അന്ത്യഅത്താഴവേളയിൽ യേശുവിന്റെ നെഞ്ചോടു ചാഞ്ഞുകൊണ്ട് "കർത്താവേ, നിന്നെ കാണിച്ചു കൊടുക്കുന്നവൻ ആരെന്നു ചോദിച്ചതും യോഹന്നാൻ തന്നെ (യോഹ.21:20). ഈ സംഭാഷണസമയത്ത് (യോഹ. 21 ലെ) യൂദാ അവരോടൊപ്പം ഇല്ല അവൻ അതിനുമുമ്പായി കെട്ടിഞാണു ചത്തു. (അ. പ്രവൃത്തി 1:18). അതുകൊണ്ട് യൂദായെക്കുറിച്ചല്ല എന്നു സംശയലേശമെന്യേ പറയാൻ കഴിയും. പിന്നെ ആരെക്കുറിച്ച്?

ആ ചോദ്യത്തിന്റെ ഉത്തരത്തിനു യോഹ.21:2 ലേക്കു മടങ്ങാം. "യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കണ്ടാണ് പത്രൊസ് "കർത്താവേ, ഇവനു എന്തു ഭവിക്കും" (വാ. 21) എന്നു ചോദിച്ചത്. യേശു സ്നേഹിച്ച ശിഷ്യൻ എന്നു യോഹന്നാൻ സ്വയം പരിചയപ്പെടുത്തിയ സ്ഥിതിക്ക് പത്രൊസ് യോഹന്നാനെക്കുറിച്ചാണു യേശുവിനോട് ചോദിച്ചത് എന്നതു വ്യക്തമാണ്.

സ്നേഹപൂർവ്വം നിർത്തട്ടെ.

ഡോ. ചാൾസ് ജോൺ

# Quest – 27

(ഈ ലക്കം QUEST - ലെ ചോദ്യങ്ങൾ മലാഖിയിൽ നിന്നാണ്.)

1. യാക്കോബിന്റെ പുത്രന്മാർ മുടിഞ്ഞു പോകാതിരിക്കുന്നത് എന്തുകൊണ്ട്?
2. യഹോവയുടെ വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കിയതാര്? എങ്ങനെ?
3. പുരോഹിതന്മാർ യഹോവയുടെ നാമത്തെ തുച്ഛീകരിക്കുന്നത് എങ്ങനെ?
4. തന്റെ വസ്ത്രം സാഹസം കൊണ്ട് മൂടുന്നവർ ആര്?
5. യിസ്രയേലിന്റെ അതിരിന് അപ്പുറത്തോളം വലിയവൻ ആര്?
6. ഏതിലാണ് മനുഷ്യൻ ദൈവത്തെ തോല്പിക്കുന്നത്?
7. ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ഇരിക്കുന്നത് ആര്?
8. ശപിക്കപ്പെട്ടവൻ ആര്?
9. യഹോവയുടെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് എന്ത് ചെയ്യണം?
10. "ഞാൻ നിങ്ങളുടെ മേൽ ശാപം അയച്ചു നിങ്ങൾക്കുള്ള അനുഗ്രഹങ്ങളെയും ശപിക്കും." ഇത് യഹോവ ആരോട് അരുളി ചെയ്തു?
11. സ്മരണ പുസ്തകം എഴുതി വച്ചിരിക്കുന്നത് ആർക്ക് വേണ്ടി?
12. ജീവനും സമാധാനവുമായ നിയമം ആരോടുള്ളത്?
13. യാഗപീഠത്തിന്റെ വാതിൽ അടച്ചുകളഞ്ഞാൽ കൊള്ളായിരുന്നു എന്ന് യഹോവ പറഞ്ഞതെന്ത്?
14. ശീഘ്രസാക്ഷിയായിരിക്കുന്നത് ആര്?
15. ദൈവജനം ഏതിനാൽ യഹോവയെ മുഷിപ്പിക്കുന്നു?
16. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പ് ആരെ അയയ്ക്കും?
17. യഹോവ ആകാശത്തിലെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം അനുഗ്രഹം പകരാൻ എന്ത് ചെയ്യണം?
18. കരച്ചിൽ കൊണ്ടും കണ്ണീർ കൊണ്ടും ഞരക്കം കൊണ്ടും മൂടിക്കളഞ്ഞത് എന്തിനെ?
19. പുരോഹിതന്മാർ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ എന്ത് ചെയ്യണം?
20. യഹോവയെ ഭയപ്പെടുന്നവർക്ക് നീതിസൂര്യൻ ഉദിക്കുന്നത് എങ്ങനെ?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 27 ന്റെ ഉത്തരങ്ങൾ
**2012** December **20**നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**
ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest -26 ന്റെ ഉത്തരങ്ങൾ

1. ശെയല്തീയേൽ - ഹഗ്ഗായി 1:1
2. വെൺകതിരും വിഷമഞ്ഞും കൽമഴയും കൊണ്ട് - ഹഗ്ഗായി 2:17
3. സെരുബ്ബാബേലിന്റെ കൈയിലുള്ള തൂക്കുകട്ട - സെഖ. 4:10
4. താന്താന്റെ സഹോദരന്റെ വാളിനാൽ - ഹഗ്ഗാ. 2:22
5. സെരുബ്ബാബേൽ - ഹഗ്ഗാ. 1:1
6. വറുതി - ഹഗ്ഗാ. 1:11
7. 7— - സെഖ. 3:9
8. യെഹോസാദാക്കിന്റെ മകനായ യോശുവയുടെ - സെഖ 6:11
9. ദുഷ്ടത - സെഖ. 5:8
10. യെരുശലേം - സെഖ 8:3
11. ധാന്യവും വീഞ്ഞും - സെഖ. 9:17
12. യെരുശലേമിനെ - സെഖ.12:3
13. യെഹൂദാഗൃഹം - സെഖ.10:3
14. സർവ്വദേശത്തേക്കും പുറപ്പെടുന്ന ശാപം - സെഖ 5:3
15. സോർ - സെഖ. 9:3
16. ജീവനുള്ള വെള്ളം - സെഖ. 14:8
17. ഇമ്പം - സെഖ. 11:10
18. ഇദ്ദോ പ്രവാചകൻ - സെഖ. 1:1
19. ഇരുപതു മുഴം നീളവും പത്തുമുഴം വീതിയും - സെഖ. 5:2
20. അവർക്ക് മഴയുണ്ടാവുകയില്ല - സെഖ. 14:17

## QUEST 26- ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
2. ബ്ലെസ്സി കെ. സാമുവൽ, ഓമല്ലൂർ
3. ബിന്ദു ജോയി, കോഴിക്കോട്
4. എൽസി സെബാസ്റ്റ്യൻ, കൊട്ടിയം, കൊല്ലം
5. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം
6. ഹെൽനവിൽസൻ, വിലങ്ങന്നൂർ, തൃശ്ശൂർ
7. അന്നമ്മ എബ്രഹാം, പെരുമാനൂർ, കൊച്ചി
8. മിസ്സിസ് മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ
9. മറിയാമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
10. മിസ്സിസ് മറിയാമ്മ മാത്യു, കാട്ടായിക്കോണം, തിരുവനന്തപുരം
11. ജിജി റോയി, മാഞ്ഞൂർ, കോട്ടയം

*വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമായ അഭിനന്ദനങ്ങൾ*

Quiz Master




**A bi-monthly publication by Good News Ministries, Akkulam Road, Trivandrum 695 031**